# കണ്ണൂർ താലൂക്കിൽ കണ്ണൂർ 1, കണ്ണൂർ 2 വില്ലേജുകളിലെ തെക്കിബസാർ ഫ്ളൈഓവർ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ സാമൂഹ്യ ആഘാത പഠനം - അന്തിമ റിപ്പോർട്ട്



**27.01.2021**

ചെയർമാൻ
സാമൂഹ്യാഘാത പഠനയൂണിറ്റ്
(കയ്റോസ്, കണ്ണൂർ )

## കണ്ണൂർ താലൂക്കിൽ കണ്ണൂർ 1, കണ്ണൂർ 2 വില്ലേജുകളിലെ തെക്കിബസാർ ഫ്ളൈഓവർ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ സാമൂഹ്യ ആഘാത പഠനം - അന്തിമ റിപ്പോർട്ട്

കണ്ണൂർ നഗരത്തിന്റെ ഹൃദയ ഭാഗമായ തെക്കീബസാറിൽ, നിരന്തരമായി അനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിന് പരിഹാരമായി, ഒരു ഫ്ളൈഓവർ നിർമ്മിക്കുന്നതിലേക്കു കണ്ണൂർ വില്ലേജിലെ കണ്ണൂർ കരാർ ദേശത്തിലെ റീ സ 818, 29, 338, 339, 342 എന്നിവയിലെ 0.0735 ഹെക്ടർ ഭൂമിയും കണ്ണൂർ 2 വില്ലേജിലെ ചാലാട് ദേശത്തിൽപെടുന്ന റീ സ 527, 533, 534, 535, 542 മുതൽ 546 വരെ 548, 549, 551 എന്നിവയിലെ 0.234 ഹെക്ടർ ഭൂമിയും, കാനത്തൂർ ദേശത്തിലെ റീ സ 616, 618, 671 മുതൽ 689 വരെയും, കണ്ണോത്തുംചാൽ ദേശത്തിലെ റീ സ 730, 733, 734, 735, 739 മുതൽ 745 വരെയും 747, 788/2A, 788/2B2, 789, 805 മുതൽ 812 വരെയും 817/2 എന്നിവയിലെ 0.2105 ഹെക്ടർ ഭൂമിയും, പുഴാതി ദേശത്തിലെ റീ സ 750, 751/1, 751/2, 753, 754, 757 മുതൽ 760 വരെയും, 762, 763 എന്നിവയിലെ 0.218 ഹെക്ടർ ഭൂമിയുമടക്കം 0.8124 ഹെക്ടർ ഭൂമി 2013 ലെ RFCTLARR Act പ്രകാരം ഏറ്റെടുക്കുന്നതിന്റെ മുന്നോടിയായി, സാമൂഹ്യ ആഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെട്ട കയ്റോസ് കണ്ണൂർ, പ്രസ്തുത പഠനം നടത്തി തയാറാക്കിയ റിപ്പോർട്ടിന്റെ അന്തിമ രൂപം.

### ആമുഖം

കണ്ണൂർ സിവിൽ സ്റ്റേഷന്റെ സമീപത്തു കൂടെ കടന്നു പോകുന്ന ദേശീയപാത-66 ൽ വളരെയേറെ പ്രധാനപ്പെട്ട ഒരു വാണിജ്യ കേന്ദ്രമാണ് തെക്കീബസാർ അല്ലെങ്കിൽ കാൽടെക്സ് ജംഗ്ഷൻ. പലവ്യഞ്ജനക്കടകളും മോട്ടോർ വർക്ക്ഷോപ്പുകളും, വാഹന ഷോറൂമുകളും ആശുപത്രികളുമടക്കമുള്ള ഒരു മേഖല കൂടിയാണിത്.

പ്രകൃതിഭംഗികൊണ്ട് അനുഗ്രഹീതമായ കണ്ണൂർ ജില്ലയുടെ സിരാകേന്ദ്രമായ കണ്ണൂർ, സംസ്ഥാന തലസ്ഥാനത്തുനിന്ന് 518 കി.മി വടക്കു ഭാഗത്തായി സ്ഥിതിചെയ്യുന്ന കേരളത്തിലെ ഏക മുസ്ലിം രാജവംശമായ അറക്കൽ രാജവംശത്തിന്റെ സ്മരണകൾ ഉണർത്തുന്ന മ്യൂസിയം , പോർട്ടുഗീസ് അധിനിവേശത്തിന്റെ ബാക്കിപത്രമായി കണ്ണൂർകോട്ട, പയ്യാമ്പലം ബീച്ച്, ഇന്ത്യയിലെ 62 കന്റോൺമെന്റുകളിൽ ഒന്നായ കണ്ണൂർ കന്റോൺമെന്റ്, ഡി.എസ്.സി സെന്റർ, 122TA ബറ്റാലിയൻ, ആംഗ്ലോ ഇന്ത്യൻ സംസ്കാരത്തിന്റെ നഷ്ടസ്മൃതികൾ അയവിറക്കുന്ന ബർണശ്ശേരി എന്നിവകൂടാതെ, കൈത്തറിയും തെയ്യങ്ങളും കണ്ണൂരിന്റെ പെരുമയാണ്. കണ്ണൂർ സിവിൽ സ്റ്റേഷൻ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് , താലൂക്ക്

ഓഫീസ്, വൈദ്യുതി ഭവൻ, മരാമത്ത് വകുപ്പ് ഓഫീസുകൾ, സബ് ജയിൽ, അശോക ഹോസ്പിറ്റൽ, ജെ ജെ എസ് ഹോസ്പിറ്റൽ, ഫാത്തിമ ഹോസ്പിറ്റൽ, മഹാത്മാ മന്ദിർ എന്നിവക്ക് വളരെ അടുത്തായി കിടക്കുന്ന ഈ ജംഗ്ഷൻ കണ്ണൂരിലെ ഏറ്റവും തിരക്കുപിടിച്ച ഒന്നാണ്. കക്കാട് റോഡ്, മാർക്കറ്റ് റോഡ്, പഴയ ബസ് സ്റ്റാൻഡ് റോഡ്, പുതിയ ബസ് സ്റ്റാൻഡ് റോഡ്, റെയിൽവേ സ്റ്റേഷൻ റോഡ്, ജില്ലാ ആശുപത്രി റോഡ് എന്നിവയൊക്കെ ഈ ജംഗ്ഷനിലാണ് ചേരുന്നത്. ഏറ്റവും കൂടുതൽ വാഹനസാന്ദ്രതയുള്ള ദേശീയപാത - 66 ന്റെ ഭാഗമായ ഈ ജംഗ്ഷനിൽ, രാവിലെയും വൈകുന്നേരവും അനുഭവപ്പെടുന്ന ഗതാഗതകുരുക്ക് വിവരണാതീതമാണ്. വ്യാപാരകേന്ദ്രമായതിനാൽ തന്നെ ജനബാഹുല്യവും ഏറെ കൂടുതലാണ്.



ഇവിടുത്തെ ഗാന്ധി സർക്കിളിൽ ഫലപ്രദമായ ട്രാഫിക് സംവിധാനം ഉണ്ടെങ്കിലും, ഗതാഗതകുരുക്ക് പരിഹരിക്കാൻ ഇത് പര്യാപ്തമല്ല. സിഗ്നൽ കാത്തുകിടക്കുന്നതിനാൽ തന്നെ എഞ്ചിൻ ഓഫാക്കാതെ കിടക്കുന്ന വാഹനങ്ങളിൽ നിന്നുള്ള പുക അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്നു. ഇന്ധന നഷ്ടവും സമയനഷ്ടവും ഇതിനു പുറമെയാണ്. ജില്ലാ ആശുപത്രിയിലേക്കും, എ.കെ.ജി. മെമ്മോറിയൽ, കൊയിലി എന്നീ ആശുപത്രികളിലേക്കുമുള്ള ആംബുലൻസുകൾ ഈ കുരുക്കിൽപെടുന്നത് സാധാരണ കാഴ്ചയാണ്. ഇതിലൂടെയാണ് മംഗലാപുരം, കോഴിക്കോട് ഭാഗത്തേക്കുള്ള ടാങ്കറുകൾ അടക്കമുള്ള ഭാരവാഹനങ്ങളും പകൽ സമയത്തുപോലും കടന്നുപോകുന്നത്. വാഹനത്തിരക്ക് വർദ്ധിക്കുന്ന രാവിലെയും വൈകുന്നേരവും വാഹനനിര , വടക്ക് പുതിയതെരുവരെയും, തെക്ക് താഴെചൊവ്വ വരെയും നീളുന്നു. ഈ ഗതാഗത കുരുക്കിന് ഒരു ശാശ്വത പരിഹാരം വേണമെങ്കിൽ ഫലപ്രദമായ പകരംസംവിധാനം ഒരുക്കേണ്ടിയിരിക്കുന്നു. ഈയൊരു സാഹചര്യത്തിലാണ് 27.09.2016 ലെ സർക്കാർ ഉത്തരവ് നമ്പർ 1324/2016/PWD പ്രകാരം RBDCK യെ തെക്കീബസാർ ഫ്ളൈഓവറിന്റ നിർവഹണം ചുമതല KIIFB യുടെ ഫണ്ട് ഉപയോഗിച്ച് നൽകുകയും ചെയ്തത്. ഈ പദ്ധതി 2016-2017 ലെ ബജറ്റ്

പ്രഭാഷണത്തിൽ ഉൾപ്പെടുത്തുകയും ( 134 ആം ഖണ്ഡികയിലെ ക്രമ നമ്പർ 3) പദ്ധതിയുടെ അലൈന്മെന്റിന് 11.07.2017 ലെ PWD-D3/472-2017-PWD പ്രകാരം സർക്കാർ അനുമതി നൽകുകയും ചെയ്തു.

ഗാന്ധിസർക്കിളിന് സമീപത്തു കൂടെ കടന്നുപോകുന്ന നിർദിഷ്ട ഫ്ളൈഓവറിന് 1.18 കി മി നീളത്തിൽ രണ്ടുവരി പാതയാണ് വിഭാവനം ചെയ്യുന്നത്. ഇരുവശത്തും 0.45 മീറ്റർ വീതിയിൽ ക്രാഷ് ബാരിയറും , 10 മീറ്റർ വീതിയിലുള്ള പാതയുമാണ്. ആകെ വീതി 10.90 മീറ്റർ ആണ്. താഴെ 7.50 മീറ്റർ വീതിയിലുള്ള റോഡുകളും ഓരോ മീറ്റർ വീതിയിൽ ഓവുചാലും മുകളിലായി നടപ്പാതയും ഉണ്ടായിരിക്കും.

ഇങ്ങിനെ ഒരു ഫ്ളൈഓവർ വരുമ്പോൾ പ്രത്യക്ഷമായി സമയനഷ്ടവും, ഇന്ധനനഷ്ടവും എന്നിവ പരിഹരിക്കാനും നിർത്തിയിടുന്ന വാഹനത്തിൽ നിന്ന് ബഹിർഗമിക്കുന്ന ഈയത്തിന്റെ അംശം അടങ്ങുന്ന പുക മൂലമുണ്ടാകുന്ന അന്തരീക്ഷ മലിനീകരണത്തിൽ നിന്ന് പരോക്ഷമായും രക്ഷപെടാൻ സാധിക്കും.

**<u>ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരം</u>**

നിർദിഷ്ട തെക്കീബസാർ ഫ്ളൈഓവറിന്റെ ഭാഗമായുള്ള റോഡുകളുടെയും മറ്റുമായി കണ്ണൂർ താലൂക്കിലെ കണ്ണൂർ 1, കണ്ണൂർ 2 വില്ലേജുകളിൽപെടുന്ന കണ്ണൂർ കരാർ, ചാലാട്, കണ്ണോത്തുംചാൽ, പുഴാതി എന്നീ ദേശങ്ങളിലെ വിവിധ സർവേ നമ്പറുകളിൽപെടുന്ന 0.8124 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കപെടേണ്ടിയിരിക്കുന്നത്. അത് സംബന്ധിച്ച വിശദവിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | സർവ്വേ നമ്പർ | വില്ലേജ് | ദേശം | വിവരണം | ഭൂ ഉടമസ്ഥർ |
|---|---|---|---|---|---|
| 1. | റീ.സ527,533,534,535,542,543,544,545,546,548,549,551 | കണ്ണൂർ II<br>കണ്ണൂർ II | ചാലാട് | തോട്ടം, സ്ഥിരം പുഞ്ച | അമർനാഥ്,രാമൻഅശോകൻ,എം.കെ ഫൈസൽ,നസീമ, സലിം, എം.കെ. നസ്റീന, അബ്ദുൽ സത്താർ, ശാന്ത മാധവൻ, റയീസ്, യൂസഫ്, ആസാദ്, റൗളബി, കെ.കെ. ശശീന്ദ്രൻ, ഫൗസിയ മുസ്തഫ, ക്യാമ്പ് ബസാർ മോസ്ക്, ഒ. സോമലത, ജാഫർ |

| | | | | | |
|---|---|---|---|---|---|
| 2. | 616,618,671,672,674,675,676,677,678,679,680,681,682,683,684,685,686,687,688,689,696,697,698,699,714,715,717,718,719,720,721,722,723,724,725,726,727,728,980 | | കാനത്തൂർ | തോട്ടം, സ്ഥിരം പുഞ്ച | ശ്രീധരൻ, സുരേഷ് ഇ.കെ, ഇബ്രാഹിം,സുരേന്ദ്രൻ,ഫസീറ,നയീം,വി.പി.കെ.മുഹമ്മദ് കുഞ്ഞി, നസ്രുത്തുൽഇസ്ലാം സഭ, ഇബ്രാഹിം, ഗഫൂർ, സഫിയത്ത്,പ്രേമൻ,ആമിന, ശേഖരൻ,പുരുഷോത്തമൻ, രവീന്ദ്രൻ,സലാഹുദ്ധീൻ |
| 3. | 730,733,734,735,739,740,741,742,743,744,745,747,788/2A,788/3A,788/2B2,789,805,806,807,808,809,810,811,812,817/2 | കണ്ണൂർ II | കണ്ണോത്തുംചാൽ | തോട്ടം, സ്ഥിരം പുഞ്ച, പുറമ്പോക്ക് | ഫൗസിയ,ഇബ്രാഹിം,ശാരദ കൊതേരി,സൈബു,കുഞ്ഞിക്കണ്ണൻ,KSEB ,KSRTC ,ഷഫീഖ്,കദീജ,സജീവൻ,നാരായണൻകുട്ടി,ഡാനിഷ് വാഴയിൽ,മനോജ്,ജനാർദ്ദനൻ,രത്നകുമാരി,ജെസിൽ,പവിത്രൻ,ജെസ്സിയിൽ,തഫ്ലീമുൽ ഉല്ലൂംമദ്രസ്സകമ്മിറ്റി, ക്യാമ്പ്ബസാർപള്ളിക്കമ്മിറ്റി |
| 4. | 750,751/1,751/2,753,754,757,758,759,760,762,763 | കണ്ണൂർ II | പുഴാതി | തോട്ടം, സ്ഥിരം പുഞ്ച | അബൂബക്കർ, പ്രജിഷ സത്യൻ,എം.പി.ആയിഷ,അയൂബ്,ഉവൈസ്,ബി.പി.കുഞ്ഞാമിന,നജീബ്,മുഹമ്മദ് കുഞ്ഞി,സ്.കെ.പി.മഹ്മൂദ്,അബൂബക്കർ,അബ്ദുൽ കരീം ,നൗഷാദ്.പി.പി,ഫാഹിദ,പി. സി.പി.മൊയ്ദു ഹാജി, സുജേഷ്,സീനത്ത്,യൂനുസ് |
| 5. | 818,29,338,339,342 | കണ്ണൂർ I | **കണ്ണൂർ കരാർ** | തോട്ടം, സ്ഥിരം പുഞ്ച, പുറമ്പോക്ക് | ഫസൽ,മീരശ്രീധർ,ഇക്ബാൽ തക്കര,അബ്ദുൽ സലാം, ജെറാടത്ത് ബീബി,മഹ്മൂദ് മോസ്ക്,നിസാർ അഹമ്മദ്, ചേംബർ ഓഫ് കോമേഴ്സ്,ലെത്തീഷ്, മുസമ്മിൽ ഹാജി,ബൾക്കീസ്,ധനചന്ദ്രൻ, ശ്രീനാഥ്,മൂസ്സ, |

**<u>പകരം ഭൂമി ലഭ്യത</u>**

കണ്ണൂർ നഗരത്തിന്റെ ഹൃദയ ഭാഗമായ തെക്കീബസാറിലെ ഗതാഗതകുരുക്ക് അഴിക്കുന്നതിനായി നിർദേശിക്കപ്പെട്ട തെക്കീബസാർ ഫ്ളൈഓവറിനും താഴെയുള്ള റോഡുകൾക്കുമായാണ് സ്ഥലം ഏറ്റെടുക്കുക. വടക്ക് ഭാഗത്ത് ഹോട്ടൽ മലബാർ മുതൽ, തെക്ക് ട്രെയിനിങ് സ്കൂൾ വരെ NH-66 ന്റെ ഇരുവശത്തായിട്ടാണ് ഏറ്റെടുക്കപ്പെടാനുള്ള സ്ഥലം. ഈ റോഡുകൾക്കായി നിലവിലുള്ള റോഡിൻറെ ഇരുവശത്തായിട്ടുള്ള സ്ഥലം മാത്രമേ

ഏറ്റെടുക്കാൻ പറ്റൂ. ആരംഭ സ്ഥലം മുതൽ അവസാനിക്കുന്ന സ്ഥലം വരെ, റോഡിൻറെ ഇരുവശത്തും കച്ചവട സ്ഥാപനങ്ങളാണ്. റോഡിനായതുകൊണ്ടു തന്നെ പകരം ഭൂമിയെക്കുറിച്ചു ആലോചിക്കുക പ്രയാസകരമാണ്. കച്ചവടക്കാർക്കും, പൊതു സ്ഥാപനങ്ങൾക്കും ഉണ്ടാകാനിടയുള്ള പ്രയാസങ്ങൾ പരമാവധി ലഘൂകരിച്ചു പ്രശ്നപരിഹാരം ഉണ്ടാക്കണം.

**<u>ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിനാണോ?</u>**

അനുദിനം വികസിച്ചുവരുന്ന കണ്ണൂർ നഗരത്തിലെ, ഏറ്റവും കൂടുതൽ ഗതാഗതകുരുക്കനുഭവപ്പെടുന്ന തെക്കീബസാറിൽ, ഈ കുറുക്കു അഴിക്കുന്നതിനു ഏറ്റവും അനുയോജ്യമെന്ന നിലയിൽ ഫ്ളൈഓവർ നിർമ്മിക്കുന്നതിനാണ് കണ്ണൂർ 1, കണ്ണൂർ 2 എന്നീ വില്ലേജുകളിലെ കണ്ണൂർ കരാർ, ചാലാട്, കാനത്തൂർ , കണ്ണോത്തുംചാൽ പുഴാതി എന്നീ ദേശങ്ങളിലെ 0.8124 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നത് . ഇവിടെ ഇത്തരത്തിൽ ഒരു ഫ് ളൈഓവർ മുന്നേ സൂചിപ്പിച്ചതുപോലെ കിഫ്ബി ഫണ്ട് ഉപയോഗിച്ച്, നിർമ്മിക്കുന്നതിന് RBDCK യെ സർക്കാരാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇത് 2016-2017 ബജറ്റ് പ്രസംഗത്തിൽ പരാമർശിക്കപ്പെട്ടതുമാണ്. ഈ പദ്ധതിക്ക് ഭൂമി ലഭ്യമാക്കാനുള്ള അർത്ഥനാധികാരി RBDCK യും അതിനു ഫണ്ട് അനുവദിക്കുന്നത് കിഫ്ബിയുമാണ്. RBDCK പൂർണമായും സർക്കാർ ഉടമസ്ഥതയിലുള്ള കോർപറേഷനാണ്. 1956 ലെ കമ്പനീസ് ആക്ട് പ്രകാരം 1999 സെപ്റ്റംബർ 23 നു രജിസ്റ്റർ ചെയ്യപ്പെട്ട ഈ സ്ഥാപനം റോഡ് പദ്ധതികൾ, റെയിൽവേ മേൽപാലം എന്നിവ നിർമ്മിച്ചുവരുന്നു. ഇത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഒരു കമ്പനിയാണ്. അതുപോലെ ഈ പ്രവർത്തിക്ക് ഫണ്ട് ലഭ്യമാക്കുന്നത് കിഫ്ബിയാണ്. ഗതാഗതം, കുടിവെള്ളം, ശുചിത്വം, ഊർജ്ജം വിവര സാങ്കേതികം, ടെലികമ്യൂണിക്കേഷൻ എന്നീ മേഖലകളുടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി ഫണ്ട് സമാഹരിക്കുന്നതിന് രൂപീകരിക്കപ്പെട്ട ഒരു സർക്കാർ സ്ഥാപനമാണ് KIIFB (Kerala Infrastucture Investment Fund Board).

ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ഈ പ്രദേശത്തെ സാധാരണക്കാരും ദേശീയപാത-66 ന്റെ കണ്ണൂർ നഗരഭാഗത്തു കൂടെ സഞ്ചരിക്കാൻ വിധിക്കപെട്ട പൊതുജനവുമാണ്. ഓരോ വർഷവും വാഹനപ്പെരുപ്പം 7% തോതിൽ വർധിക്കാനിടയുണ്ടെന്ന പഠനത്തിന്റെ വെളിച്ചത്തിൽ വരുംവർഷങ്ങൾ ഗതാഗത കുരുക്കിൽ വലയുന്നത് സാധാരണക്കാരായ പൊതുജനം തന്നെയാണ്. ഈ പദ്ധതിക്ക് ഭൂമിക്കായുള്ള അർത്ഥനാധികാരി സർക്കാർ സംരംഭമായ RBDCK യും . ഫണ്ട് ലഭ്യമാക്കുന്നത് മറ്റൊരു സർക്കാർ സംരംഭമായ KIIFB യും. ഭൂമി ഏറ്റെടുക്കലിന് നേതൃത്വം

നൽകുന്നത് ജില്ലാ കളക്ടറും, ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ സാധാരണക്കാരായ ജനങ്ങളുമായതിനാൽ ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിന് തന്നെയാണ്.

**ഭൂമിയുടെ സ്വഭാവം**

തെക്കീബസാർ ഫ്ളൈഓവറിനും, ഇരുവശത്തുമുള്ള റോഡിനും, സർവീസ് റോഡുകൾക്കുമായി കണ്ണൂർ 1 വില്ലേജിലെ, കണ്ണൂർ കരാർ ദേശത്തിലെ വിവിധ സർവേ നമ്പറുകളിലുള്ള 0.0735 ഹെക്ടർ ഭൂമിയും, കണ്ണൂർ 2 വില്ലേജിലെ ചാലാട്, കാനത്തൂർ, കണ്ണോത്തുംചാൽ, പുഴാതി എന്നീ ദേശങ്ങളിലെ വിവിധ സർവേ നമ്പറുകളിലെ 0.7389 ഹെക്ടർ ഭൂമിയുമടക്കം 0.8124 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കപെടേണ്ടിയിരിക്കുന്നത്. ഇതിൽ സ്വകാര്യ ഭൂമിയും, പുറമ്പോക്കും, എലെക്ട്രിസിറ്റി, കെ.എസ്. ആർ.ടി.സി, ജില്ലാപഞ്ചായത്ത് എന്നിവരുടെ അധീനതയിലുള്ള ഭൂമിയും ഉൾപ്പെടുന്നു. രേഖകളിൽ സ്ഥിരം പുഞ്ച, തോട്ടം എന്നീ വിഭാഗങ്ങളിലായാണ് ഉൾപെട്ടിട്ടുള്ളത് എങ്കിലും, ഈ പ്രദേശം മുഴുവൻ പറമ്പാണ്. NH - 66 ന്റെ ഭാഗമായ തെക്കീബസാർ റോഡിൻറെ ഇരുവശത്തുമായാണ് ഈ സ്ഥലമുള്ളത്. ഇതിൽ അല്പം ചില സ്വകാര്യ വ്യക്തികളുടെ വീടുകളും, ആശുപത്രിയും ആരാധനാലയങ്ങളും ബാക്കി മുഴുവൻ വ്യാപാരസ്ഥാപനങ്ങളുമാണ്.

**ഭൂമിയുടെ ഉടമസ്ഥർ**

| ക്രമ നമ്പർ | സർവ്വേ നമ്പർ | വില്ലേജ് | ദേശം | വിവരണം | ഭൂ ഉടമസ്ഥർ |
|---|---|---|---|---|---|
| 1. | റീ.സ527,533,534,535,542,543,544,545,546,548,549,551 | കണ്ണൂർ II | ചാലാട് | തോട്ടം, സ്ഥിരം പുഞ്ച | അമർനാഥ്,രാമൻഅശോകൻ ,എം.കെ ഫൈസൽ,നസീമ, സലിം, എം.കെ. നസ്റീന, അബ്ദുൽ സത്താർ, ശാന്ത മാധവൻ, റയീസ്, യൂസഫ്, ആസാദ്, റൗളബി, കെ.കെ. ശശീന്ദ്രൻ, ഫൗസിയ മുസ്തഫ, ക്യാമ്പ് ബസാർ മോസ്ക്, ഒ. സോമലത, ജാഫർ |
| 2. | 616,618,671,672,674,675,676,677,678,679,680,681,682,683,684,685,686,687,688,689,696,697,6 | കണ്ണൂർ II | കാനത്തൂർ | തോട്ടം, സ്ഥിരം പുഞ്ച | ശ്രീധരൻ, സുരേഷ് ഇ.കെ, ഇബ്രാഹിം,സുരേന്ദ്രൻ,ഫസീറ,നയീം,വി.പി.കെ.മുഹമ്മദ് കുഞ്ഞി, നസ്രുത്തുൽഇസ്ലാം സഭ, ഇബ്രാഹിം, ഗഫൂർ, |

| | | | | | |
|---|---|---|---|---|---|
| 3. | 98,699,714,715,717,718,719,720,721,722,723,724,725,726,727,728,980 730,733,734,735,739,740,741,742,743,744,745,747,788/2A,788/3A,788/2B2,789,805,806,807,808,809,810,811,812,817/2 | കണ്ണൂർ II | കണ്ണോത്തുംചാൽ | തോട്ടം, സ്ഥിരം പുഞ്ച, പുറമ്പോക്ക് | സഫിയത്ത്,പ്രേമൻ,ആമിന, ശേഖരൻ,പുരുഷോത്തമൻ, രവീന്ദ്രൻ,സലാഹുദ്ധീൻ ഫൗസിയ,ഇബ്രാഹിം,ശാരദ കൊതേരി,സൈബു,കുഞ്ഞിക്കണ്ണൻ,KSEB ,KSRTC ,ഷഫീഖ്,കദീജ,സജീവൻ,നാരായണൻകുട്ടി,ഡാനിഷ് വാഴയിൽ,മനോജ്,ജനാർദ്ദനൻ,രത്നകുമാരി,ജെസിൽ,പവിത്രൻ,ജെസ്സിയിൽ,തഫ്ലീമുൽ ഉലൂംമദ്രസ്സകമ്മിറ്റി, ക്യാമ്പ്ബസാർപള്ളിക്കമ്മിറ്റി |
| 4. | 750,751/1,751/2,753,754,757,758,759,760,762,763 | കണ്ണൂർ II | പുഴാതി | തോട്ടം, സ്ഥിരം പുഞ്ച | അബൂബക്കർ, പ്രജിഷ സത്യൻ,എം.പി.ആയിഷ,അയൂബ്,ഉവൈസ്,ബി.പി.കുഞ്ഞാമിന,നജീബ്,മുഹമ്മദ് കുഞ്ഞി,സ്.കെ.പി.മഹ്മൂദ്,അബൂബക്കർ,അബ്ദുൽ കരീം ,നൗഷാദ്വി.പി,ഫാഹിദ,പി. സി.പി.മൊയ്ദു ഹാജി, സുജേഷ്,സീനത്ത്,യൂനുസ് |
| 5. | 818,29,338,339,342 | കണ്ണൂർ I | **കണ്ണൂർ കരാർ** | തോട്ടം, സ്ഥിരം പുഞ്ച, പുറമ്പോക്ക് | ഫസൽ,മീരശ്രീധർ,ഇക്ബാൽ തക്കര,അബ്ദുൽ സലാം, ജെറാടത്ത് ബീബി,മഹ്മൂദ് മോസ്ക്,നിസാർ അഹമ്മദ്, ചേംബർ ഓഫ് കോമേഴ്സ്,ലെത്തീഷ്, മുസമ്മിൽ ഹാജി,ബൽക്കീസ്,ധനചന്ദ്രൻ, ശ്രീനാഥ്,മൂസ്സ, |

**<u>കൃഷികൾ</u>**

തെക്കീബസാർ ഫ്ളൈഓവറിനും, റോഡിനും സർവീസ് റോഡുകൾക്കുമാണ് നിലവിലുള്ള NH-66 നു സമാന്തരമായി വടക്ക് ഭാഗത്ത് മലബാർ ഹോട്ടൽ മുതൽ തെക്ക് ട്രെയിനിങ് സ്കൂൾ വരെ ഇരുവശത്തുമുള്ള സ്ഥലം ഏറ്റെടുക്കേണ്ടിയിരിക്കുന്നത്. നേരത്തെ സൂചിപ്പിച്ചതു പോലെ, ഇത് ഒരു വ്യാപാര മേഖലയാണ്. അതിനാൽ തന്നെ ഇവിടെ ഒരു തരത്തിലുള്ള കൃഷിയുമില്ല. റോഡിനു പടിഞ്ഞാറു വശത്തായി നാല് വീട്ടുപറമ്പുകളിലായി 5 തെങ്ങുകളും ഒരു മാവും രണ്ടു പിലാവും ഉണ്ട്. അത്പോലെ റോഡിൻറെ കിഴക്കുഭാഗത്തുള്ള പറമ്പിൽ ഒരു തെങ്ങും മൂന്നു മാവുകളും ഉണ്ട്.ഇവയൊക്കെ കായ് ഫലമുള്ളതാണെങ്കിലും കൃഷി വിഭാഗത്തിൽ പെടുത്താവുന്നതല്ല.

## സ്ഥാപനങ്ങൾ

തെക്കീബസാർ ഫ്ളൈഓവറിനും അനുബന്ധ റോഡുകൾക്കും സർവീസ് റോഡിനുമായി നിലവിലുള്ള ദേശീയപാതയുടെ ഇരുവശത്തുമായാണ് സ്ഥലം ഏറ്റെടുക്കേണ്ടിയിരിക്കുന്നത്. ഇതിൽ ഹൈവേയുടെ കിഴക്കുഭാഗത്ത്, വടക്ക് നിന്ന് മലബാർ ഹോട്ടൽ മുതൽ തെക്ക് ട്രെയിനിങ് സ്കൂൾ പരിസരംവരെയാണിത്. ഈ ഭാഗത്ത് പൊതുവെ നോക്കുകയാണെങ്കിൽ 94 സ്ഥാപനങ്ങൾ ആണുള്ളത്. ഇവയിൽ പലതിനും മുൻഭാഗമാണ് നഷ്ടപ്പെടുക. എന്നാൽ സാരമായ നാശനഷ്ടങ്ങൾ അനുഭവിക്കാനിടയുള്ളവ താഴെ കാണിച്ചിരിക്കുന്നു.

മലബാർ ഹോട്ടലിനു തെക്കു ഭാഗത്തായിട്ടുള്ള ബേക്ക് എൻ കേക്ക് , പ്ലാനറ്റ് കർട്ടൻ, ഹോട്ടൽ സൽക്കാര എന്നിവയുടെ മുൻഭാഗത്തെ പാർക്കിംഗ് മേഖലയെ സാരമായി ബാധിക്കും. തറഭാഗത്തോട് ചേർന്നാണ് മാർക്ക് ചെയ്തിരിക്കുന്നത്. ഈ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന മൈത്രി മാരേജ് ബ്യുറോ, മുത്തൂസ് ഹോം നഴ്സിംഗ് സെന്റർ, യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസിന്റെ പോളിസി സർവീസ് സെന്റർ എന്നിവയെയും ബാധിക്കും.

## ആർ.സി.എലെക്ട്രിക്കൽസ് , എസ്. എസ്. ബെയറിങ്

ഈ സ്ഥാപനങ്ങളുടെ തറയോട് ചേർന്ന ഭാഗം മാർക്ക് ചെയ്തിട്ടുണ്ട്. അതിനാൽ തന്നെ ഇവയുടെ മുൻഭാഗം റോഡിനായി ഏറ്റെടുക്കപെടും. പാർക്കിംഗ് മേഖലയെയും സ്ഥാപനത്തിന്റെ വ്യാപാരത്തെയും പ്രതികൂലമായി ബാധിക്കും.

## യൂണിയൻ കോംപ്ലക്സ്

മുത്തൂറ്റ് ചിട്ടിഫണ്ടിന്റെ ഓഫീസ് എം.എ.എസ് പ്ലാസ്റ്റിക്സ്, ഫോണിക്സ് അക്സെസ്സറിസ്, യൂണിയൻ പവർ ടൂൾസ്, ഫോക്കസ് കംപ്യൂട്ടേഴ്സ്, എ.പി.എം ഓട്ടോ, സാജ് ഫർണിച്ചർ അടക്കം പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. ഇതിന്റെ മുൻഭാഗം നഷ്ടപെടാനിടയുണ്ട്. അത് കെട്ടിടത്തെ മൊത്തമായി ബാധിക്കുന്നു.



## ലാവീസ് ബോട്ടിക്

പഴയ ഒരു വീട് ഇപ്പോൾ ഒരു ബോട്ടിക്കായി രൂപമാറ്റം ചെയ്തു രണ്ടു വർഷമായി നടത്തിവരുന്നു. ഉടമയും രണ്ടു തൊഴിലാളികളും ജോലി ചെയ്യുന്നു. വീടിനെ ഒരു ആധുനിക രീതിയിലുള്ള ബോട്ടിക് ആയി മാറ്റിയതിൽ വലിയ തുക ചിലവഴിക്കപ്പെട്ടതായി കാണാൻ സാധിക്കുന്നു. ഈ സ്ഥാപനം ഏറ്റെടുക്കപെടുന്നതോടെ ഇന്റീരിയർ ഡിസൈനിങ്ങിനായി മുടക്കിയ തുക നഷ്ടമാകുന്നു.

## കെ.എൽ.സൺസ്/ കെ.എൽ സത്താർ

ഇത് വളരെ പഴയ ഒരു പ്ലൈവുഡ് സ്ഥാപനമാണ്. ഗൃഹോപകരണങ്ങൾ നിർമ്മിക്കുന്ന സ്ഥാപനത്തിന്റെ ഉള്ളിലായി 10.54 മീറ്റർ അടയാളപ്പെടുത്തിയിട്ടുണ്ട്. ഏറെ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനം.

## മക്കാനി (സഹദുള്ളെഷാ ഹജുൽ ഹറമൈനിദർഗ )



തെക്കീബസാറിലെ വളരെ പ്രാധാന്യമുള്ള ഒരു സ്ഥാപനമാണിത്. വിവിധ മതവിശ്വാസികൾ സന്ദർശിക്കുന്ന കബറിടമാണിത്. 600 മുതൽ 800 വർഷം വരെ പഴക്കമുണ്ടെന്ന് വിശ്വസിക്കപ്പെടുന്ന കബറിടം. ഇസ്ലാം മത പ്രചാരകനായ മാലിക് ദീനാറിനോടൊപ്പം മലബാറിലെത്തിയെന്നു വിശ്വസിക്കപ്പെടുന്ന സഹദുള്ളഷായുടെയും സഹദ് ഷായുടെയുമായി രണ്ട് മഖാം ഇവിടെയുണ്ട്. ഈ പറമ്പിൽ ഏകദേശം 5 മീറ്റർ അകത്തായി കുറ്റിയടിക്കപ്പെട്ടിട്ടുണ്ട്. ഈ കുറ്റികൾക്കുള്ളിലായി വടക്ക് ഭാഗത്ത് മക്കാനി ഹോട്ട് ആൻഡ് കൂൾ എന്ന ഒരു പെട്ടിക്കടയുണ്ട്. അതുപോലെ തെക്കുഭാഗത്ത് മക്കാനി സ്റ്റോർ എന്ന മറ്റൊരു പെട്ടിക്കടയുമുണ്ട് . ഇത് രണ്ടും ഇല്ലാതാകും.

**<u>ജയരാജ് ബിൽഡിങ്</u>**

ഈ ബിൽഡിങ്ങിൽ പ്രധാനമായും ജെ.കെ.ടയർ, കാനന്നൂർ ടയർസ്, അലൈൻ വേൾഡ് തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഈ കെട്ടിടത്തിന്റെ ഒന്നാം നിലയിലും മൂന്നു സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഈ ബിൽഡിങ് പൂർണമായും ഇല്ലാതാകുന്നു.

**<u>എ.ബി.എസ് റെസ്റ്ററന്റ്</u>**

പണി പൂർത്തിയായി വരുന്ന ഒരു 3 സ്റ്റാർ നിലവാരത്തിലുള്ള ഒരു ഹോട്ടലാണ് ഇത്. ഇതിന്റെ മുൻഭാഗത്തായി മാർക്ക് ചെയ്തിരിക്കുന്ന പാർക്കിംഗ് സ്ഥലത്തിന്റെ അടിയിലായി കിണറുണ്ട്. ഇതിനു നേരെ താഴെയായിട്ടുള്ള ഫ്ലോറിൽ ജനറേറ്റർ ട്രാൻസ്ഫോർമർ ബേസ് മെന്റ്, ഇലക്ട്രിക്ക് പാനൽ റൂം, ലിഫ്റ്റ് എന്നിവയും പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിന്റെ മുന്നിലുള്ള പാർക്കിംഗ് ഏരിയ ഇല്ലാതാകുന്നതോടെ, സ്ഥാപനത്തിന്റെ പ്രവർത്തനത്തെയും പൂർണമായും ബാധിക്കും. ജയരാജ് ബിൽഡിങ്ങിന്റെയും റെസ്റ്ററന്റ് മുന്നിലായി മാർക്ക് ചെയ്തിരിക്കുന്നത് ബസ്ബേക്ക് ആണെന്ന് കരുതുന്നു.



എ.ബി.എസ് റെസ്റ്ററന്റ് മുതൽ കക്കാട് റോഡ് ജംഗ്ഷൻ വരെ റോഡിനോട് ചേർന്ന് കിടക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും മുൻവശത്തെ സാരമായി ബാധിക്കുന്നുണ്ട്. കക്കാട് ജംഗ്ഷന്റെ തൊട്ടടുത്തായി പ്രവർത്തിച്ചുവരുന്ന മൂന്നു റൂമിൽ മിൽമ ബൂത്തുകളും, അപ്പൂസ് ഫാസ്റ്റ് ഫുഡ്, ശ്രീലക്ഷ്മി ടയർ എന്നിവരെയും ഭാഗികമായി ബാധിക്കുന്നു. ഈ ജംഗ്ഷനിലുള്ള കാത്തിരിപ്പ് കേന്ദ്രവും ഇല്ലാതാകും

കേരള കൗമുദി റോഡുമുതൽ കയർഫെഡ് ഷോറൂം വരെയുള്ള സ്ഥാപനങ്ങൾ ഏറ്റവും പ്രധാനമായിട്ടുള്ളത് വൈദ്യുതി ഭവൻ കെട്ടിടമാണ്. ഇതിൽ വിവിധ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഓഫീസിൽ കെട്ടിടത്തിൽ മതിലിനു ഉള്ളിലായിട്ടാണ് മാർക്ക് ചെയ്തിരിക്കുന്നത്. നിലവിൽ സ്ഥലം ഏറ്റെടുക്കൽ കെട്ടിടത്തെ നേരിട്ട് ബാധിക്കില്ലെങ്കിലും, ഓഫീസിലെയും മറ്റു ആവശ്യാർഥം ഓഫിസിൽ എത്തുന്നവരുടെയും വാഹനങ്ങൾ പാർക്ക് ചെയ്യുന്ന സ്ഥലമാണ് അടയാളത്തിനുള്ളിലായിട്ടുള്ളത്. ഇതിനു മുന്നിലായിട്ടുള്ള തിരുപ്പതി ലോട്ടറി

പെട്ടിക്കടയും, എം.ആർ.എസ്  ലോട്ടറി സ്റ്റാളും പൂർണമായും ഇല്ലാതാകുന്നു. അതുപോലെ അശോക ആശുപത്രി റോഡ് ജംഗ്ഷനിലുള്ള അയോദ്ധ്യ, റോയൽ ലുക്ക് ഹെയർ സ്റ്റൈൽ എന്നിവയെയും സാരമായി ബാധിക്കുന്നുണ്ട്.

അതുപോലെ ഹരേകൃഷ്ണ ലോട്ടറി സ്റ്റാളിനെയും  ബാധിക്കുന്നു. അശോക ആശുപത്രി റോഡിൻറെ പടിഞ്ഞാറ് വശത്തുള്ള സുന്ദരി ഫ്രൂട്ട് സ്റ്റാൾ, ന്യൂ ലക്കി ലോട്ടറി എന്നിവ പൂർണമായും ഇല്ലാതാകും.

സിറ്റി ലൈറ്റ് ഹോട്ടലിന്റെയും ഗീത ബേക്കറിയുടെയും മുൻവശത്തുള്ള ശ്രീ ഹാഷിമിന്റെ പെട്ടിക്കടയും, സന്നിധാൻ ബാർഹോട്ടലിലേക്കുള്ള റോഡിൻറെ സമീപത്തുള്ള മിൽമ ബൂത്തും ഇല്ലാതാകുന്നു




തുടർന്ന് കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡിന്റെ  തെക്ക് പടിഞ്ഞാറ് ഭാഗത്ത് റോഡിനഭിമുഖമായിട്ടുള്ള അലി ഫുഡ് കോർട്ടിന്റെ മുൻഭാഗത്തായി ഏകദേശം 3 മീറ്ററോളം ഉള്ളിലായും, തെക്ക് ഭാഗത്ത് സ്റ്റാൻഡിന്റെ ഉൾഭാഗത്തേക്കുള്ള റോഡിൻറെ ഭാഗത്തായി 5 മീറ്റർ ഉള്ളിലുമാണ് അടയാളപ്പെടുത്തിയിരിക്കുന്നത്.

ഇത് കഴിഞ്ഞു നാഷണൽ മെഡിക്കൽസിൽ നിന്ന് ആരംഭിച്ച്, രജിസ്ട്രാർ ഓഫീസിലേക്കുള്ള റോഡുവരെ സ്വീറ്റ് കോർണർ ഷോപ്പുവരെയുള്ള കെട്ടിടങ്ങളാണ്. ഇതിൽ നാഷണൽ മെഡിക്കൽസിന്റെ റൂമിനോട് ചേർന്നാണ് കുറ്റിയടിച്ചിരിക്കുന്നത്. ഈ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ കെ.എസ്.ആർ.ടി.സി.എംപ്ലോയീസ് കോ ഓപ്പറേറ്റിവ് സൊസൈറ്റി പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിനു തൊട്ടടുത്തായിട്ടുള്ള ഗാർഡൻ ഫ്രഷ് വെജിറ്റബിൾ ആൻഡ് ബേക്കറി, ന്യൂ വെജിറ്റബിൾ സ്റ്റാൾ (പഴയ കുട്ടി ഓട്ടോസ്പെയർ കട), തസാജ് ഹോട്ട് ആൻഡ് കൂൾ, സിമെന്റ് കൊണ്ട് ഗാർഹീക ആവശ്യങ്ങൾക്കായുള്ള സാധന സാമഗ്രികൾ നിർമ്മിക്കുന്ന സ്റ്റീൽ സിൻഡികേറ്റ്, സബാ സ്റ്റീലിന്റെ സ്റ്റെപ്പിന് കണക്കായും ബാധിക്കുന്നു.

**മോഡേൺ ഐ.ടി.ഐ**

കേന്ദ്ര സർക്കാരിന്റെ NCVT (National Council for Vocational Training) ന്റെ സ്ഥിരഅംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിന് വിവിധ കെട്ടിടങ്ങളുടെ കൃത്യമായ അളവുകൾ കാണിക്കുന്ന പ്ലാൻ ഡൽഹിയിലെ

NCVTക്ക് അയച്ചു കൊടുത്തു പരിശോധന നടത്തിയ ശേഷമാണ് അംഗീകാരം ലഭിക്കുന്നത്. പ്രതിവർഷം 400 കുട്ടികൾ വിവിധ ഗ്രേഡുകളിലായി ഇവിടെ നിന്നും പഠിച്ചിറങ്ങുന്നുണ്ട്. നിലവിലെ അടയാളത്തിനനുസരിച്ച് കെട്ടിടം പൊളിച്ചു നീക്കപ്പെടുകയാണെങ്കിൽ മറ്റു മുറികളിലേക്ക് കടന്നു പോകാനുള്ള ഗോവണി നിർമ്മാണത്തിന് അംഗീകാരം ലഭിക്കപ്പെട്ടാൽ ഒരു പരിധിവരെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. ഇതിനു സമീപത്തായി മാസ്റ്റേഴ്സ് ഇംഗ്ലീഷ് അക്കാദമി പ്രവർത്തിച്ചു വരുന്നുണ്ട്. ഇത് സ്പോക്കൺ ഇംഗ്ലീഷ് പഠന കേന്ദ്രമാണ്. കഴിഞ്ഞ 13 വർഷമായി സുരേഷാണ് പി.കെ നടത്തിവരുന്ന സ്ഥാപനമാണ്.ഇതിനു തെക്ക് വശത്തായി കാനന്നൂർ മോട്ടോർ കമ്പനി ഓഫീസിന്റെ സമീപത്ത് റോഡിനോട് ചേർന്ന് കിടക്കുന്ന സ്ഥാപനങ്ങൾ താഴെ കാണിച്ചിരിക്കുന്നു.




അഞ്ജനം സ്റ്റേഷനറി

അമേസ് ബാറ്ററി ഇൻവെർട്ടെർസ്

ചെമ്പ്ര ഡീസെൽസ് (ഡീസൽ പമ്പ് റിപ്പയർ സെന്റർ)

സെൻഓട്ടോഎലെക്ട്രിക്കൽസ്

പസ്സിനോ ഹോട്ട് ആൻഡ് കൂൾ

അജിൽ ടവേഴ്സ്

മസ്സിൽ ആൻഡ് ജോയിന്റ് പെയിൻ

ആകാശ് ലോട്ടറി

പൊതുവാൾ ആൻഡ് സൺസ് മെറ്റൽസ്

ഒകായ ഇലക്ട്രോ ലിനക്സ് ബാറ്ററി ഹൗസ്




തിരുവോണം മാട്രിമോണി

ടൈം ഹൗസ്

മഞ്ജു ഫോട്ടോസ്റ്റാറ്റ്

ടി വി ട്രേഡേഴ്സ് ആൻഡ് ബാറ്ററി

രാഹുൽ ട്രേഡേഴ്സ് (പ്ലൈവുഡ് )

ബ്രൈറ്റ് ലിങ്ക്

സ്വീറ്റ് കോർണർ

എന്നീ സ്ഥാപനങ്ങളാണ് ഉള്ളത്. ഇവ മുഴുവനായും ഏറ്റെടുക്കപെടുന്നവയിൽ ഉൾപ്പെടുന്നു.

തൊട്ടടുത്തായുള്ള റെജിസ്ട്രർ ഓഫീസ് റോഡിൻറെ തെക്കു ഭാഗത്തായി ജില്ലാ പഞ്ചായത്തിന്റെ ക്വാളിറ്റി കണ്ട്രോൾ ലാബ്, സയൻസ് പാർക്ക് , എ.ഇ.ഓ ഓഫീസ് എന്നിവയും ഉണ്ട്. ഇതിൽ ആദ്യത്തെ ഓഫീസായ ലാബിന്റെ പാർക്കിംഗ് ഏരിയ പൂർണമായും ഇല്ലാതാകുന്നു.

ഇനിയുള്ളത് ദേശിയ പാതക്ക് സമാന്തരമായി പടിഞ്ഞാറുവശത്തുള്ള സ്ഥാപനങ്ങളാണ്.



**<u>മഹമൂദ് മോസ്ക്</u>**

തെക്ക് ഭാഗത്ത് നിലവിലെ മതിലിൽ നിന്ന് 1 മീറ്ററും വടക്കു ഭാഗത്ത് 3 മീറ്ററുമാണ് അടയാളപ്പെടുത്തിയിട്ടുള്ളത്. പള്ളിയുടെ പ്രവർത്തനത്തെ ബാധിക്കില്ല.

കാനറാ ബാങ്കിനെയും വുഡ് ലാൻഡ്സ് ഷോറൂമിനെയും സാരമായി ബാധിക്കുന്നില്ല



എങ്കിലും ഇതിന്റെ ഗ്രൗണ്ടലെവെലിൽ അടക്കം പ്രവർത്തിക്കുന്ന റമീസ് ലോഡ്ജിന്റെ കുറെ ഭാഗങ്ങളെ നേരിട്ട് ബാധിക്കുന്നു. ഇന്ത്യൻ പോസ്റ്റൽ വകുപ്പിന്റെ ഒരു തപാൽ പെട്ടിയുണ്ട്. ഇത് ഇവിടെ നിന്നും മാറ്റേണ്ടതായി വരും. ഇതിന്റെ സമീപത്തായുള്ള രഞ്ജിത്ത് ഹോട്ടലിന്റെ 5 മീറ്റർ ഉള്ളിലായി മാർക്ക് ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനത്തെ ബാധിക്കും.

ഇവകൂടാതെ തൊട്ടടുത്ത് തന്നെയുള്ള



എൻ.കെ.എസ് ചിക്കൻ

ഡെയിലി ഫ്രഷ് ചിക്കൻ

ക്ലച്ച് സെന്റർ

ഡ്രസ്സ് കോഡ്

മാരുതി ഡ്രൈവിംഗ് സ്കൂൾ

ഇന്ത്യൻ ബാറ്ററി ഹൗസ്

എന്നിവയെയും ഈ സ്ഥലം ഏറ്റെടുക്കൽ ബാധിക്കും

ദേശീയപാതയിൽനിന്നുള്ള തായത്തെരു ജംഗ്ഷനിലെ

കാൽടെക്സ് അകാാഫിഷറിസ്

എ.കെ. ബ്രോതേഴ്സ് പംബ്സ്

എലൈറ്റ് ഏജൻസിസ്

എയർടെൽ ലോട്ടറി + പെട്ടിക്കട

എച്ച്. പി ലൂബ്രിക്കന്റ്സ്

ക്യു പിക്സ് എലെക്ട്രിക്കൽസ്  എന്നിവയെയും സാരമായി ബാധിക്കുന്നു. എന്നാൽ ശരീഫ ട്രാവൽ സർവിസിന്റെ തെക്ക് ഭാഗത്തുള്ള മുറി മാത്രമേ നഷ്ടപെടുന്നുള്ളു




കാൽടെക്സ് - യൂത്ത് സെന്റർ റോഡ് ജംഗ്ഷനിലെ റീചാർജ് മൊബൈൽ ഷോപ്, മിൽമ ബൂത്ത് എന്നിവ പൂർണമായും ഇല്ലാതാകുന്നു. ഇതിനു തൊട്ടടുത്തായുള്ള

ലൂകർ ന്യൂ പവർ ഹൗസ്

ജി .ബി എഡ്യൂക്കേഷൻ

ജിയോ ഡിജിറ്റൽ

ദി മാസ്ക്

എന്നീ സ്ഥാപനങ്ങളുടെ ഉള്ളിലായി ഏകദേശം 7 മീറ്റർ ഉള്ളിൽവരെ മാർക്ക് ചെയ്യപ്പെട്ടിട്ടുണ്ട്. ഇത് ഇല്ലാതാകുന്നതോടെ, ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന ഡോ.എസ്. വി .എം ഹാരിഷിന്റെ റഷീദ ക്ലിനിക്കും ഇല്ലാതാകുന്നു.




ഇവിടെ മുതൽ കോഫിഹൗസ് വരെ ദേശീയപാതയുടെ പടിഞ്ഞാറു ഭാഗത്ത് സാരമായ നാശനഷ്ടങ്ങൾ ഉണ്ടാകുന്നില്ല.

തെക്കീബസാർ കോഫിഹൗസിന്റെ വടക്കു ഭാഗത്തായുള്ള ലോട്ടറി സ്റ്റാൾ, നയന ചിപ്സ്, ഷാർ മൊബൈൽ വർക്സ്, മലബാർ ലോട്ടറി, സ്പീഡ് മണിയായി ട്രാൻസ്ഫർ, ഫോട്ടോസ്റ്റാറ് സ്റ്റുഡിയോ എന്നിവരുടെ ചുമരിനോട് ചേർന്ന് ഏകദേശം 5 മീറ്റർ ഉള്ളിലായാണ് മാർക്ക് ചെയ്തിരിക്കുന്നത്. അതിനാൽ മേൽ സൂചിപ്പിച്ച  എല്ലാ കടകളും ഇല്ലാതാകുന്നു.

NH-66 സബ് ജയിൽ റോഡിൻറെ ജംഗ്ഷനിൽ നിന്ന് ദേശീയ പാതക്ക് സമാന്തരമായിട്ടുള്ള ഹോട്ടൽ ജയ, നിഥിൽ ഷൂ, സിറ്റി ഹോട്ടൽ എന്നിവയിൽ



വടക്കു ഭാഗത്ത് റൂമിനോട് ചേർന്നാണ് കുറ്റിയുള്ളത്. എന്നാൽ തെക്കു ഭാഗത്ത് അല്പം ചെരിഞ്ഞു, 3 മീറ്ററോളം ഉള്ളിലായിട്ടാണ് വരിക. അതിനാൽ തന്നെ ഏറ്റവും കൂടുതൽ ബാധിക്കുക ഹോട്ടൽ ജയയെ ആണ്. മൂന്നു സ്ഥാപനങ്ങളെയും പൊതുവായി ബാധിക്കുന്നു. തൊട്ടടുത്തായി വടക്കു ഭാഗത്തായിട്ടുള്ള പാം കൂൾ, സി.കെ. ടൈലേഴ്സ്, എം.സി.എസ് ഫ്രൂട്സ് എന്നിവയെയും സാരമായി തന്നെ ബാധിക്കുന്നു.

തൊട്ടടുത്തായിട്ടുള്ള ലക്ഷ്മി ഹയർ ഗുഡ്സ് തൊട്ട് എരുമത്തെരു റോഡ് വരെയുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് താഴെ കാണിച്ചിരിക്കുന്നു.




ലക്ഷ്മി ഹയർ ഗുഡ്സ്

ഹോട്ടൽ മുത്തപ്പൻ

സൺ ഷൈൻ

വി.പി.കെ.സ്റ്റോർ

ഗ്ലോബൽ മൊബൈൽസ്

അന്നപൂർണേശ്വരി ലോട്ടറി

അച്ചു ഹെയർ ഡ്രെസ്സേർസ്

മറീന മ്യൂസിക്കൽസ്

നസറത്തുൽ ഇസ്ലാം സഭ പള്ളി

കെ.വി.സ്റ്റോർ

സി.കെ.ജി.ദാസൻ വെജ് സ്റ്റോർ

എന്നിവയിൽ തെക്കു ഭാഗത്ത് മുറിയോട് ചേർന്നാണ് അടയാളപ്പെടുത്തിയിരിക്കുന്നത് എങ്കിലും വടക്കു ഭാഗത്ത് വെജിറ്റബിൾ സ്റ്റോർ ഭാഗത്ത് എത്തുമ്പോഴേക്കും ഒരു മീറ്ററോളം സ്ഥാപനത്തിന്റെ ഉള്ളിലായി വരും.

എരുമത്തെരു റോഡിൽനിന്ന് വടക്കു ഭാഗത്തേക്ക്, റോഡിനു സമാന്തരമായിട്ടുള്ള സ്ഥാപനങ്ങൾ താഴെ കാണിക്കുന്നു.

മുഹമ്മദ് കുഞ്ഞി സ്റ്റോർ

സിയറ്റ്/ വാസവ ടയർ

ഐഡിയ 3 ജി

കൗസല്യ ഫുട്‌വെയർ

മിഥില ഫുഡ്

രാഗം മ്യൂസിക്കൽസ്

ഹോട്ടൽ അയോദ്ധ്യ

ന്യൂ ഐശ്വര്യ ബേക്കറി

ഓഷിയാനിക് സർവീസ് സെന്റർ

ഹോട്ടൽ സൂര്യ

ഫ്രഷ് ജ്യൂസ് സെന്റർ

എച്ച്. എസ് ട്രേഡേഴ്സ്

ഹോണ്ട വർക്ക് ഷോപ്പ്

ടി ടൈം

ഡിസൈൻ സ്റ്റിക്കർ

ഗോപാൽ സൺസ് ഓട്ടോസ്പെയേഴ്സ്

ഗുഡ് ലക്ക് മൊബൈൽ

സ്മൈൽ സ്റ്റുഡിയോ

സച്ചി ബിൽഡിങ് മെറ്റീരിയൽസ്

യൂണീക് ഓട്ടോമൊബൈൽസ്

ബൈക്ക് വേൾഡ്

സൂര്യ ഓട്ടോസ്പെയേഴ്സ്

ഈ സ്ഥാപനങ്ങളിൽ, ആദ്യമായി പരാമർശിക്കപ്പെട്ട മുഹമ്മദ് കുഞ്ഞി സ്റ്റോർ ഭാഗത്ത്, കടയുടെ ഉള്ളിലായി 1 മീറ്ററാണ് അടയാളപ്പെടുത്തിയിരിക്കുന്നത്, ഇത് ക്രമേണ 2 മീറ്റർ ആയി, അവസാനമായി പരാമർശിച്ച സൂര്യ ഓട്ടോസ് പെയറിലെത്തുമ്പോൾ അഞ്ചു മീറ്ററോളം ഉള്ളിലായി മാർക്ക് ചെയ്തിരിക്കുന്നു. ഇതിൽ സിയറ്റ് / വാസവ ടയറിന്റെയും ഹോണ്ട വർക് ഷോപ്പിന്റെയും പ്രവർത്തനത്തെ ബാധിക്കില്ല. കാരണം അവ കുറച്ചുകൂടി ഉള്ളിലായാണ് സ്ഥിതിചെയ്യുന്നത്. ബാക്കിയുള്ള മുഴുവൻ സ്ഥാപനങ്ങളെയും ബാധിക്കുന്നു.




തൊട്ട് വടക്കുഭാഗത്തുള്ള കോംപ്ലക്സിൽ ഏകദേശം നാല് മീറ്റർ ഉള്ളിലായാണ് മാർക്ക് ചെയ്തിരിക്കുന്നത്. ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന കിംസ് ട്യൂഷൻ സെന്റർ, TIME, Britco & Bridco എന്നീ സ്ഥാപനങ്ങളെ ബാധിക്കുന്നു. താഴെ അടഞ്ഞുകിടക്കുന്ന മുറികളെയും ബാധിക്കും. കിംസ് ട്യൂഷൻ സെന്ററിന്റെ ബൈക്ക് പാർക്കിംഗ് സെന്ററും പൂർണമായും നഷ്ടപെടുന്നതിൽ പെടുന്നു. സ്ലീപ് വെൽ മാട്രസ് ഷോറൂം മുൻഭാഗം പൂർണമായും നഷ്ടപെടാനിടയുണ്ട്.






അതുപോലെതന്നെ നാല്പതോളം ജീവനക്കാർ സേവനമനുഷ്ഠിച്ചുവരുന്ന ലിയോ ക്ലിനിക്കൽ ഡയഗ്നോസ്റ്റിക്സ് സെന്ററിന്റെ മുന്നിലുള്ള പാർക്കിംഗ് ഏരിയ കൂടാതെ രണ്ടുമീറ്ററോളം നഷ്ടപെടാനിടയുണ്ട്. ഏകദേശം ഒന്നരവർഷമായി പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിൽ ഔട്ട്പേഷ്യന്റ് വിഭാഗവും പ്രവർത്തിച്ചുവരുന്നു.

**കെ.ടി.പി.ടവർ**

ഇതിന്റെ താഴത്തെ നിലയിൽ എക്സൈഡ് ടയർ ഷോറൂം, ഒന്നാം നിലയിൽ സ്മൈലി ഡെന്റൽ ക്ലിനിക്, രണ്ടാംനിലയിൽ ആദിത്യ ബിർള ക്യാപിറ്റലും പ്രവർത്തിച്ചു വരുന്നുണ്ട്. ഇവയുടെ പാർക്കിംഗ് ഏരിയയും മുൻഭാഗവും നഷ്ടപ്പെടുന്നു.

**ബേബി കെയർ**

ഈ തുണിക്കട നാലുനിലകളുള്ള ഒരു കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഈ സ്ഥാപനത്തിന്റെ മുൻഭാഗത്തെ പൂർണമായും ബാധിക്കുന്നുണ്ട്.

**വിൻഡോസ്**

ഇതൊരു നാലുനിലകെട്ടിടമാണ്. ഇതിൽ വിൻഡോസ്, ഡെക്കർ എന്നീ ഹോം ഇന്റീരിയർ വസ്തുക്കൾ വിൽക്കുന്ന സ്ഥപനമാണ്. ഇവയെ സരമായിത്തന്നെ ബാധിക്കുന്നു. ഇതിനോട് ചേർന്നുള്ള റെയ്സൺ എലെക്ട്രിക്കൽസ് ആൻഡ് പ്ലംബിംഗ് എന്ന സ്ഥാപനത്തിന്റെ 10 മീറ്ററോളം ഉള്ളിലായാണ് അടയാളപ്പെടുത്തിയിരിക്കുന്നത്. അതിനാൽ തന്നെ സ്ഥാപനം പൂർണമായി ഇല്ലാതാകുന്നു. തൊട്ടടുത്തുള്ള MyJio എന്ന ജിയോ ഡിജിറ്റൽ സ്ഥാപനത്തെയും സാരമായിത്തന്നെ ബാധിക്കുന്നു.

**മനാൽ**

ഈ കെട്ടിടത്തിൽ മഹീന്ദ്ര ഇരുചക്രവാഹന ഷോറൂം പ്രവർത്തിക്കുന്നു. താഴത്തെ നിലയിലാണ് വർക് ഷോപ്പ്  മഹീന്ദ്രയുടെ തൊട്ടു മുകളിലുള്ള നിലകളിൽ ടി.എൻ.എം ജവാദ് അക്കാദമിയും പ്രവർത്തിച്ചുവരുന്നു. ഈ കെട്ടിടത്തെ സാരമായി ബാധിക്കും.

## ജെ.ജെ.എസ് ഹോസ്പിറ്റൽ

കഴിഞ്ഞ 60 വർഷമായി തെക്കീബസാറിൽ പ്രവർത്തിച്ചുവരുന്ന ഒരു സ്ഥാപനമാണിത്. 25 ബെഡുകൾ ഉള്ള ഈ ആശുപത്രിയിൽ കിടത്തി ചികിത്സാ കൂടാതെ പ്രതിദിനം 250 ഓളം പേർ ഔട്ട്പേഷ്യന്റായി ചികിത്സക്കായി എത്തുന്നു. ഡോക്ടർമാരും നഴ്സുമാരുമടക്കം 35 പേർ ജോലിചെയ്തുവരുന്നു. ഡോ. ശാന്താമാധവന്റെ ഈ ആശുപത്രിയിൽ ഇപ്പോൾ കുട്ടികൾ/ ഡയബെറ്റിക്സ്/ സ്കിൻ എന്നിവയിൽ പ്രാമുഖ്യം നൽകുന്ന ഈ സ്ഥാപനം പ്രസവശുശ്രൂഷയ്ക്ക് ഏറെ പ്രശസ്തമായിരുന്നു. ഇവിടെ ഏകദേശം 10 മീറ്ററിലധികം ഉള്ളിലായാണ് മാർക്ക് ചെയ്തിരിക്കുന്നത്. ഇതിന്റെ തെക്കുഭാഗത്തായി കോമ്പൗണ്ടിനുള്ളിൽ തന്നെ ഒരു മിൽമ ബൂത്തും പ്രവർത്തിക്കുന്നു. ഇതും പൂർണമായും ഇല്ലാതാകും.



## കെ.എൽ.സത്താർ

തെക്കീബസാറിലെ വളരെ പ്രശസ്തമായ സ്ഥാപന ശൃംഖലകളിൽ ഒന്നാണിത്. പ്ലൈവുഡ്, പ്ലംബിംഗ് ആൻഡ് എലെക്ട്രിക്കൽസ്, ഫ്ളോറിങ് സാധന സാമഗ്രികൾ വിൽക്കുന്ന ഒരു സ്ഥാപനമാണ്. ഏകദേശം 5 മീറ്റർ ഉള്ളിലായിട്ടാണ് അടയാളപ്പെടുത്തിയിരിക്കുന്നത്. ഈ സ്ഥാപനത്തെ ഇത് സാരമായി ബാധിക്കുന്നു. 20 ൽ അധികം തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നു .ദേശീയ പാതയിൽ നിന്ന് പഴയ ബസ് സ്റ്റാൻഡ് റോഡിനെ ബന്ധിപ്പിക്കുന്ന പൊട്ട്യൻ ശേഖരൻ റോഡിൻറെ വടക്കായി സ്ഥിതിചെയ്യുന്ന ഹിന്ദുസ്ഥാൻ ബാറ്ററി, സഫയർ റെസ്റ്റോറന്റ്, ഹാർകാർസ്, അതിന്റെ ഒന്നാം നിലയിലുള്ള മാരുതി ഡ്രൈവിംഗ് സ്കൂൾ, എക്സിം ഡിസ്കൗണ്ട് സെന്റർ , അതിന്റെ ഒന്നാം നിലയിലുള്ള കേരള ബാങ്ക് എന്നിവയെ സാരമായി ബാധിക്കുന്നില്ല എന്നറിയിക്കുന്നു.

## വീടുകൾ

NH-66 ന്റെ പടിഞ്ഞാറു വശത്ത്, വടക്ക് മുതൽ അമർമായ, അർമാൽ ഹൗസ്, മഫ് സ്റ്റെഡ്, ജാനകി നിലയം എന്നീ വീടുകളും സ്ഥിതിചെയ്യുന്നു. ഇതിൽ അമർമായ എന്ന പറമ്പിലെ വീടിനോടു ചേർന്ന് 5 അടി ഉയരത്തിൽ ഏകദേശം 15 മീറ്ററോളം നീളത്തിലുള്ള മതിലും കുടിവെള്ള സ്രോതസ്സായ കിണറും

ഉൾപ്പെടുന്നു. വീടിനെ സ്ഥലമെടുപ്പ് സാരമായി ബാധിക്കുന്നില്ല. പറമ്പിൽ കായ് ഫലമുള്ള 2 തെങ്ങുകളുമുണ്ട്.

സുസുകി ഷോറൂമിനോട് ചേർന്ന് കിടക്കുന്ന വീടാണ് അർമാൻ. 5 അടി ഉയരത്തിൽ ഏകദേശം 10 മീറ്റർ നീളത്തിലുള്ള മതിൽ കെട്ടിയ പറമ്പിന്റെ ഉള്ളിൽ രണ്ടു തെങ്ങുകളുമുണ്ട്.

ജെ.ജെ.എസ് ആശുപത്രിക്കു സമീപമായി സ്ഥിതിചെയ്യുന്ന മഫ്സ്റ്റെഡ് ഹൗസ് പ്ലോട്ടിന്റെ ഉള്ളിൽ ആദ്യം 6 അടിയാണ് മാർക്ക് ചെയ്തിരുന്നത്. പിന്നീട് അത് 15 അടിയായി ഉള്ളിലേക്ക് മാറിയിട്ടുണ്ട്. 4 മീറ്റർ ഉയരവും 15 മീറ്റർ നീളവുമുള്ള ഈ വീട്ടുപറമ്പിനുള്ളിൽ 2 തെങ്ങുകളും ഒരു മാവും ഉണ്ട്. മഫ്സ്റ്റെഡ് ഹൗസ് പ്ലോട്ടിന്റെ തെക്കുവശത്തായി vi എന്ന വൊഡാഫോൺ-ഐഡിയ മിനി സ്റ്റോറും, വീനസ് വസ്ക്യൂലർ ക്ലിനിക്കും ന്യൂ ഇന്ത്യ ഇൻഷുറൻസിന്റെ ഒരു മുറിയും ഉണ്ട്. കൂടാതെ ഇതേ പറമ്പിന്റെ വടക്കു ഭാഗത്തായുള്ള യൂണിറ്റി കോംപ്ലക്സിൽ ഒരു വർക്ക്ഷോപ്പും, ഷൈൻ ട്രേഡേഴ്സും, പ്രവീൺ ഓട്ടോസ്പെയേഴ്സും, മംഗല്യ ഓട്ടോസ്പെയേഴ്സും പ്രവർത്തിക്കുന്നു. ഈ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ മംഗല്യ ഓട്ടോ സ്പെയേഴ്സ് ഒഴികെ ബാക്കിയെല്ലാം ഇല്ലാതാകുന്നു. മംഗല്യയുടെ ചുമർ വരെയാണ് ഷൈൻ ട്രേഡേഴ്സ്. അതിനാൽ അത് പൊളിക്കപെടുമ്പോൾ മംഗല്യയെയും ബാധിക്കും.




Britco & Bridco കെട്ടിടങ്ങൾക്കു വടക്കു ഭാഗത്തായി ജാനകി നിവാസിന്റെ സ്റ്റെപ്പിന് കണക്കായിട്ടാണ് അടയാളപ്പെടുത്തിയിട്ടുള്ളത്. ഈ പറമ്പിൽ താമസിക്കുന്നവരും അവകാശികളും തമ്മിലുള്ള തർക്കം നിലവിലുണ്ട്. ഈ പറമ്പിൽ രണ്ടു പിലാവും ഉണ്ട്

ശ്രീ രാജരാജേശ്വരി പ്ലംബിംഗ് സ്ഥാപനത്തിന് സമീപത്തുള്ള രണ്ടു വീടുകളിൽ ഒന്നായ അനുജയയിൽ വൃദ്ധ ദമ്പതികൾ താമസിക്കുന്നു. ഇവരുടെ 5 അടി പൊക്കത്തിൽ 5 മീറ്ററോളം നീളത്തിലുള്ള മതിലും അല്പം സ്ഥലവും നഷ്ടപെടാൻ ഇടയുണ്ട്. വീടിനെ ബാധിക്കുന്നില്ല. തൊട്ടടുത്തുള്ള അടഞ്ഞു കിടക്കുന്ന വീടിന്റെ ഏകദേശം 10 മീറ്റർ നീളവും 5 അടി ഉയരത്തിലുമുള്ള മതിലും അൽപസ്ഥലവും മാത്രമേ നഷ്ടപെടുന്നുള്ളു.

**<u>സാമൂഹ്യ ആഘാത പഠന യൂണിറ്റിന്റെ ഘടന</u>**

കണ്ണൂർ താലൂക്കിലെ കണ്ണൂർ 1, കണ്ണൂർ 2, എന്നീ വില്ലേജുകളിലെ കണ്ണൂർ കരാർ, ചാലാട്, കാനത്തൂർ, കണ്ണോത്തുംചാൽ, പുഴാതി എന്നീ ദേശങ്ങളിലെ, നേരത്തെ വ്യക്തമാക്കിയ വിവിധ നമ്പറുകളിൽപെട്ട 0.8124 ഹെക്ടർ ഭൂമി, തെക്കീബസാർ ഫ്ളൈഓവറിനും അനുബന്ധ റോഡുകൾക്കുമായി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സാമൂഹ്യാഘാതങ്ങളെക്കുറിച്ചു പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ടിരിക്കുന്നതു കണ്ണൂർ ബർണശ്ശേരി ആസ്ഥാനമായി കഴിഞ്ഞ 20 വർഷമായി പ്രവർത്തിച്ചുവരുന്ന Track A NGOആയ കയ്റോസ് (Kannur Association for Integrated Rural Organization and Support) കണ്ണൂരിനെയാണ്. ഈ ചുമതല നല്കപ്പെട്ടിരിക്കുന്നതു കണ്ണൂർ ജില്ലാ കളക്ടറുടെ 11/2020 ലെ DCKNR/12929/2019 C8 നടപടിക്രമപ്രകാരമാണ്. ഇത് സംബന്ധിച്ച ഔദ്യോഗിക വിജ്ഞാപനം 25/11/2020 തീയ്യതിയിലെ 2884 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പഠന യൂണിറ്റിന്റെ ഘടന താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പദവി |
|---|---|---|
| 1 | ഫാ.ഷൈജു പീറ്റർ (സോഷ്യോളജിസ്റ്) | ചെയർമാൻ |
| 2 | ശ്രീ. കെ.വി.ചന്ദ്രൻ ( റിട്ട.ഫിഷറീസ് ഡവ. ഓഫീസർ) | അംഗം |
| 3 | ശ്രീമതി. ജെസി റജി (ഡി.ടി.പി. ഓപ്പറേറ്റർ ) | അംഗം |
| 4 | ശ്രീ.റിബിൻ ( ഓഫിസ് അസിസ്റ്റന്റ് ) | OA |

## <u>പഠനോപാധികൾ</u>

ഏറ്റെടുക്കപ്പെടാനുദ്ദേശിക്കുന്ന ഭൂമി കണ്ണൂരിന്റെ വ്യാപാര കേന്ദ്രമായ തെക്കീബസാറിലൂടെ കടന്നുപോകുന്ന NH-66 ന്റെ ഇരുവശത്തുമായാണ്. നേരത്തെ വ്യക്തമാക്കിയതുപോലെ, ഏറെ തിരക്കുപിടിച്ച ഈ ദേശീയപാതയുടെ ഇരുവശത്തും കച്ചവട സ്ഥാപനങ്ങളും, വർക്ക് ഷോപ്പുകളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും, ആശുപത്രികളും പ്രവർത്തിക്കുന്നു. ഏകദേശം 235 ഓളം സ്ഥാപനങ്ങളും 70 ഓളം സ്ഥലം ഉടമകളും ഉണ്ട്. അതുകൊണ്ടുതന്നെ Collection of data, Stake holder analysis, Participatory Rural Appraisal, Need assessment, Environment evaluation എന്നീ പഠനോപാധികളാണ് പ്രധാനമായും അവലംബിച്ചിരിക്കുന്നത്.

## പൊതുഅവകാശവാദം കേൾക്കൽ

ഏറ്റെടുക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട നിയമത്തിലും ചട്ടങ്ങളിലും അനുശാസിക്കുന്ന രീതിയിൽ, ഭൂവുടമകളുടെയും, അവിടെ വിവിധ സ്ഥാപനങ്ങൾ നടത്തുന്നവരുടെയും മറ്റു തല്പരകക്ഷികളുടെയും ഒരു പൊതുകേൾക്കൽ യോഗം 28/12/2020 നു തിങ്കളാഴ്ച കാലത്ത് 11 മണിക്ക് കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് കണ്ണൂർ മഹാത്മാ മന്ദിരത്തിൽവച്ച് ചേർന്നു. യോഗത്തിൽ ഡെപ്യൂട്ടി കളക്ടർ ശ്രീ അനിൽ, സൈറ്റ് എഞ്ചിനീയർ ശ്രീ അനന്തു, ഡെപ്യൂട്ടി തഹസിൽദാർ എൽ.എ കിഫ്ബി ശ്രീ ഷനിജ്, തുറമുഖ മ്യൂസിയം വകുപ്പ് മന്ത്രിയുടെ അഡിഷണൽ പ്രൈവറ്റ് സെക്രട്ടറി ശ്രീ വി.എം. സജീവൻ, ജി.ടി.ടി.ഐ പ്രിൻസിപ്പൽ ശ്രീ ഹരിദാസൻ കെ.വി, ഡി.ടി.ഓ ശ്രീ പ്രദീപ്, വെൽഫേർ ഓഫീസർ ശ്രീ വി.വിനോദ് കുമാർ, കെ.എസ്.ഇ.ബി. സീനിയർ മാനേജർ എന്നിവരും പഠന യൂണിറ്റ് അംഗം ശ്രീ കെ.വി. ചന്ദ്രൻ, പ്രൊജക്റ്റ് അസിസ്റ്റന്റ് ശ്രീമതി ലക്ഷ്മി രാജേഷ് എന്നിവർ അടക്കം ഇരുന്നൂറ്റി ഇരുപത്തി മൂന്നുപേർ പങ്കെടുത്തു.



യോഗത്തിൽ ഹാജരായവരെ സ്വാഗതം ചെയ്തുകൊണ്ട്, യോഗത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കി, പഠനയൂണിറ്റ് അംഗം ശ്രീ കെ.വി ചന്ദ്രൻ സംസാരിച്ചു. തുടർന്ന് RBDCK പ്രൊജക്റ്റ് എഞ്ചിനീയർ ശ്രീ അനന്തു പദ്ധതിയെ കുറിച്ച് വിശദമാക്കി. തുടർന്ന് ഹാജരായ ഭൂവുടമകളെയും തല്പരകക്ഷികളെയും അഭിപ്രായം ഉന്നയിക്കുന്നതിനായി ക്ഷണിച്ചു. യോഗത്തിൽ ഉയർന്നുവന്ന നിർദേശങ്ങൾ അർത്ഥനാധികാരിയായ RBDCK ക്ക് അഭിപ്രായത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. അവ താഴെ കാണിക്കുന്നു.

1. **ശ്രീ ജയപ്രകാശ് (ജയരാജ് ബിൽഡിംഗ് ഉടമ)**

സാധാരണയായി റോഡിനായി രണ്ടു ഭാഗത്തും തുല്യമായിട്ടാണ് സ്ഥലം ഏറ്റെടുക്കുക. പക്ഷെ ഇവിടെ ഒരു വശത്ത് മാത്രം കൂടുതൽ മാർക്ക് ചെയ്തതായി കാണുന്നു. തന്റെ കെട്ടിടത്തിൽ 7 പേർ സ്ഥാപനം നടത്തുന്നു. ഈ കെട്ടിടം ചാവശ്ശേരി തീവെപ്പ് കേസിൽ, ട്രാൻസ്പോർട്ട് ബസ് യാത്രക്കാരനായിരുന്ന, മരണപ്പെട്ട ജ്യേഷ്ഠൻ ജയരാജിന്റെ സ്മരണാർത്ഥമുള്ളതാണ്. ഇവിടെ വിവിധ സ്ഥാപനങ്ങളിലായി 20 പേർ ജോലി ചെയ്യുന്നു. ബസ് ബേ നിർമ്മിക്കുന്നതിന് എന്റെ കെട്ടിടത്തിന്റെ ഉള്ളിലാണ് മാർക്ക് ചെയ്തിരിക്കുന്നത്. കെട്ടിടം പൂർണമായും പൊളിയും. ഈ സ്ഥാപനങ്ങളെ മാത്രം ആശ്രയിച്ചു കഴിയുന്ന 7 ഉടമകളുടെയും 20 ഓളം തൊഴിലാളികളുടെയും കുടുംബം വഴിയാധാരമാകും. നഷ്ടപരിഹാരം കൊണ്ടുമാത്രം പരിഹരിക്കപ്പെടുന്ന പ്രശ്നങ്ങളല്ല. അതേസമയം ഈ ബസ് ബേ സിവിൽ സ്റ്റേഷന്റെ ഭാഗത്തേക്ക് (കക്കാട് റോഡ് ജംഗ്ഷൻ) സ്ഥാപിക്കുകയാണെങ്കിൽ കുറെയേറെ കുടുംബങ്ങൾ രക്ഷപ്പെടും. യുക്തമായ നടപടികൾ സ്വീകരിക്കപ്പെടണം. ഇത് സർക്കാരിന് ഏറെ സാമ്പത്തിക ലാഭം ഉണ്ടാക്കും. വികസനത്തിന് എതിരല്ല. കച്ചവടക്കാരുടെ പ്രശ്നങ്ങൾ, അവരുടെ കുടുംബത്തിനുണ്ടാകുന്ന പ്രതിസന്ധികൾ ഇതൊക്കെ പരിഹരിക്കപ്പെടണം. ഇത്രയും വീതി ആവശ്യമുണ്ടോ? എല്ലാ വാഹനങ്ങളും ഇതുവഴി വരുന്നതിനാലാണ് ഇവിടെ ഇത്രമാത്രം ബ്ലോക്കുണ്ടാകുന്നത്. ഏറെ റോഡുകൾ നിലവിലുണ്ട്. വാഹനങ്ങളെ വിവിധ റോഡുകളിലൂടെ തിരിച്ചുവിടുന്ന ഒരു സ്ഥിരം സംവിധാനം ഉണ്ടെങ്കിൽ ഇപ്പോഴുള്ള ഗതാഗതകുരുക്ക് പരിഹരിക്കപ്പെടാവുന്നതേയുള്ളു.

2. **ശ്രീ കെ.ടി.കെ കുട്ടികൃഷ്ണൻ (ജെ.ജെ.എസ്.ഹോസ്പിറ്റൽ )**



വികസനത്തിന് എതിരല്ല. ആദ്യം ഒരു കുറ്റി അടിച്ചു . അത് കുറച്ചകലെയായിരുന്നു. ആശുപത്രിയെ ബാധിക്കില്ല. പിന്നീട് സ്ഥാപിച്ച കുറ്റി 10 മീറ്റർ ഉള്ളിലായിട്ടാണ്. ഇത് ആശുപത്രിയെ ബാധിക്കും. റോഡിൻറെ ഒരു ഭാഗത്തു നിന്ന് മാത്രമായി എടുക്കാതെ റോഡിൻറെ ഇരുവശത്തുനിന്നും തുല്യമായി എടുക്കേണ്ടതായിരുന്നു. മാധവൻ ഡോക്ടറുടെ സ്മരണ നിലനിർത്താനായിട്ടുള്ള ആശുപത്രിക്ക് യാതൊരു പ്രയാസവും ഉണ്ടാകരുത്. കല്ല് അവിടെനിന്നും മാറ്റണം. ഇത്തരത്തിലുള്ള അക്കിസിഷൻ ഒഴിവാക്കണം.

3. **ശ്രീ അലി (എ.കെ.ബ്രദേഴ്സ്, കാൽടെക്സ്)**




130 കോടി അടങ്കലുള്ള ഒരു പദ്ധതിയാണെന്നു അറിയുന്നു. ഈ പദ്ധതിയുടെ ഗൗരവസ്വഭാവം വ്യക്തമാക്കുന്ന രീതിയിൽ പ്രോജെക്ടിനെക്കുറിച്ചു വ്യക്തമാക്കേണ്ടിയിരുന്നു. ഇത്രയും രൂപ മുടക്കിയാൽ അതിനനുസരിച്ചുള്ള ഫിനാൻഷ്യൽ ഫീസിബിലിറ്റി ഉണ്ടാകുമോ എന്ന് വ്യക്തമാക്കണം. 80% വണ്ടികളും കണ്ണൂർ നഗരത്തിലൂടെ പോകാൻ ആഗ്രഹമില്ലാത്തവയാണ്. ഇവ കോഴിക്കോട് - മംഗലാപുരം പോകുന്നവയാണ്. ഈ വഴിക്കു പകരമായി അവർക്ക് മറ്റു മാർഗ്ഗങ്ങൾ അവലംബിക്കാൻ നടപടികൾ ഉണ്ടാക്കാവുന്നതാണ്. വളപട്ടണം - മുഴപ്പിലങ്ങാട് ബൈപാസ്സിന് മുൻഗണന കൊടുത്താൽ മതിയാവുന്നതാണ്. ഫ്ളൈഓവറാണോ, വളപട്ടണം ബൈപാസ്സാണോ ഏറെ പ്രയോജനകരം എന്ന് വ്യക്തമാക്കപ്പെടണം (കല്യാശ്ശേരി മോഡൽ പോളിടെക്നിക് വരെ എത്തുന്ന ബൈപാസ്)

4. **ശ്രീ മുസമ്മിൽ കെ (കെട്ടിടം ഉടമ)**

ചേംബർ ഹാളിനു അടുത്തുള്ള രണ്ടു കെട്ടിടമാണ്. ഇതിൽ റോഡിനോട് ചേർന്നുള്ള കെട്ടിടമാണ് പൊളിക്കപെടുക. അങ്ങിനെ പൊളിക്കപെടുമ്പോൾ ചേർന്നു കിടക്കുന്ന എന്റെ കെട്ടിടത്തിന് നാശനഷ്ടങ്ങൾ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം തരുമോ?

5. **ശ്രീ പാറക്കണ്ടി അബ്ദുൽ വാഹിദ് (കെട്ടിടം ഉടമ)**

തായത്തെരു റോഡ് ജംഗ്ഷനിൽ വടക്കു ഭാഗത്തായി നാലുനില കെട്ടിടം എടുത്തു കഴിഞ്ഞു. ഇപ്പോൾ രണ്ടു മീറ്റർ ഉള്ളിലാണ് കുറ്റി അടിച്ചിരിക്കുന്നത്. ബേസ് മെന്റിലേക്കു പോകാൻ കഴിയില്ല, ഇപ്പോൾ അടിച്ച കുറ്റിയിൽനിന്നു ഒന്നര മീറ്റർ പുറത്തേക്ക് അടിക്കാൻ പറ്റുമോ?

6. **ശ്രീ മാഹിൻ (വുഡ്ലാൻഡ്)**

സ്ഥാപനം നഷ്ടപെടുന്ന സാഹചര്യത്തിൽ, നിലവിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും, കോവിഡ് സാഹചര്യത്തിൽ,

പുതിയ തൊഴിൽ കണ്ടെത്താൻ സാധിക്കാത്ത സാഹചര്യം ഉണ്ടാകും തൊഴിലാളികളുടെയും കുടുംബത്തിന്റെയും അവസ്ഥ പരിതാപകരമാകും.

7. ശ്രീ ഗഫൂർ എം.ടി (ഗുഡ് ലുക്ക്)

എന്റെ ഷോപ്പ് ഞാൻ വാടകക്ക് കൊടുത്തതാണ്. കച്ചവടം നടത്തുന്നവർ ബാക് വായ്പ എടുത്ത് കച്ചവടം നടത്തുന്നവരാണ്. അവർ പ്രയാസത്തിലാകും. മുകളിലത്തെ നിലയിൽ ഒരു വക്കീലാഫീസുമാണ്.

8. ശ്രീ സുബോധ് (വാസവ ടയർ )

നിലവിൽ ബൈപാസ് റോഡ് പ്രവർത്തി നടന്നുവരുന്നുണ്ട്. അത് പൂർത്തിയാകുന്നതോടെ, ഈ വഴിയിലൂടെ പോകുന്ന വാഹനങ്ങളിൽ ഭൂരിഭാഗവും ബൈപാസ്സിനെ ആശ്രയിക്കും.ഈ സാഹചര്യത്തിൽ തെക്കീബസാറിൽ ഇന്ന് കാണുന്ന ഗതാഗതകുരുക്ക് ഉണ്ടാകാനിടയില്ല. അതുകൊണ്ടു ബൈപാസ് നിലവിൽ വന്നതിനു ശേഷം ഫ്ളൈഓവർ നിർമ്മിച്ചാൽ പോരെ?

9. ശ്രീ പ്രമോദ് കുമാർ (വ്യാപാരിവ്യവസായ സമിതി)

വികസനത്തിന് എതിരല്ല. പക്ഷെ വ്യാപാരികളെയും വ്യവസായികളെയും ദ്രോഹിച്ചുകൊണ്ടു , വ്യാപാരംചെയ്യുന്നതിനു തടസ്സമുണ്ടാക്കുന്ന രീതിയിലുള്ള അലൈൻമെന്റ് മാറ്റണം. റോഡ് വികസനത്തിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന വ്യാപാരികൾക്ക്, ഉടമസ്ഥർക്ക് നൽകുന്ന നഷ്ടപരിഹാരത്തുകയുടെ 50% എങ്കിലും നൽകുന്ന രീതിയിലുള്ള പാക്കേജ് ഉണ്ടാകണം.

10. ശ്രീ പവിത്രൻ (സെൻ ഓട്ടോഇലെക്ട്രിക്കൽസ്)

റോഡിൻറെ മധ്യഭാഗത്തുനിന്നും രണ്ടുവശത്തേക്കും തുല്യമായിട്ടാണ് സാധാരണയായി സ്ഥലം ഏറ്റെടുക്കപ്പെടുക. ഇവിടെ ഒരു ഭാഗം മുഴുവൻ (ബിൽഡിംഗ്) ഏറ്റെടുക്കപെടുന്നു. അവസാനഭാഗത്ത് വീതികുറച്ച് നിലവിലുള്ള റോഡിനു സമാനമായിട്ടാണ് കുറ്റിയടിച്ചിരിക്കുന്നത്. ഫ്ളൈഓവർ നേരെ പോകുന്നതിനു പകരം പല ഭാഗത്തും വളവും തിരിവും കാണുന്നു. ഒരു കോംപ്ലക്സ് മൊത്തമായി പൊളിക്കേണ്ടിവരും

11. ശ്രീ വിനോദ് എം/ ബൈജു പി.വി.(ഉത്തമം ബിൽഡിംഗ് )

ഫ്ളൈഓവർ നിർദേശം വരുന്നതിനു എത്രയോ മുന്നേതന്നെ മുഴപ്പിലങ്ങാട്-വളപട്ടണം - കല്യാശ്ശേരി ബൈപാസ് റോഡ് നിർദേശം വന്നതിനാൽ, ബൈപാസ് റോഡ് നിർമ്മാണമാണ് ആദ്യം പൂർത്തിയാക്കേണ്ടത്. അതിനുശേഷമുള്ള ട്രാഫിക്

പരിഗണിച്ചുവേണം ഫ്ളൈഓവർ പരിഗണിക്കേണ്ടത്. അതുവരെ ഫ്ളൈഓവറിന്റെ പണി നിർത്തിവെക്കണം. ബസ് ബേ എവിടെയാണെന്ന് മുൻകൂട്ടി പറയണം. (തെക്കീബസാറിൽ ആയിരിക്കുന്നതാണ് ഉത്തമം). അലൈൻമെന്റിൽ പല അപാകതകളും ഉണ്ട്. നിയമാനുസൃതമായി റോഡിൻറെ മധ്യഭാഗത്തുനിന്നും ഇരുവശത്തേക്കും ഒരുപോലെ സ്ഥലം ഏറ്റെടുക്കുകയാണല്ലോ വേണ്ടത്. ഇവിടെ ദീർഘവീക്ഷണത്തോടെയുള്ള പദ്ധതിയാണ് ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടത്. താല്കാലികമായിട്ടുള്ള മുട്ടുശാന്തിയല്ല വേണ്ടത്.

**12. അബൂബക്കർ പി.വി(എ.ബി.എസ് റെസ്റ്ററന്റ് )**

കണ്ണൂർ വില്ലേജിലെ 751/14 ൽ സ്ഥിതിചെയ്യുന്ന, തെക്കീബസാറിലെ മക്കാനിക്കു സമീപമുള്ള സ്ഥലത്ത് 3 സ്റ്റാർ തലത്തിലുള്ള ഒരു ഹോട്ടൽ നിർമ്മാണത്തിലാണ് ഞാനുള്ളത്. ബസ് ബേയുടെ ആവശ്യത്തിലേക്കാണ് എന്റെ സ്ഥലം ഏറ്റെടുക്കാൻ മാർക്ക് ചെയ്തിരിക്കുന്നത്. നീണ്ട നാൽപതു വർഷത്തെ പ്രവാസ ജീവിതത്തിന്റെ ബാക്കി പത്രമായ ഈ വസ്തുവിലെ നിർമ്മാണം പൂർത്തിയായി വരികയാണ്. എന്റെ കെട്ടിടത്തിൽ മുൻഭാഗത്തെ പാർക്കിംഗ് ഏരിയയുടെ അടിയിലായുള്ള കിണറും താഴെ മുറിയിലുള്ള ജനറേറ്റർ, ട്രാൻസ്ഫോർമർ, പാനൽ എന്നിവയെയും ബാധിക്കും. ബസ് ബേ വന്നാൽ ഇതിന്റെ പ്രവർത്തനം പൂർണമായും നിലച്ചുപോകും. ഞാൻ ആത്മഹത്യ ചെയ്യേണ്ടി വരും. അതിനാൽ അലൈൻമെന്റ് മാറ്റി എന്റെ ബിൽഡിങ്ങിനു കോട്ടം വരാത്തരീതിയിൽ ചെയ്യണം




**13. ശ്രീ സി. നാരായണൻകുട്ടി (കാൽടെക്സ് കുട്ടിഷോപ്പ്)**

ഒരു ഭാഗത്തു നിന്നുമാത്രം സ്ഥലം ഏറ്റെടുക്കുന്നതിൽ പരാതിയുണ്ട്.നിർദിഷ്ട ബൈപാസ് പൂർത്തിയാക്കിയതിനു ശേഷം, ബ്ലോക്ക് ഉണ്ടോ എന്ന് പഠനം നടത്തിയ ശേഷം ഫ്ളൈഓവർ പണി നടത്തിയാൽ പോരെ?

**14. ശ്രീ ജനാർദ്ദനൻ പി/ രത്നകുമാരി (എലെക്ട്രോലിങ്ക്സ് ബാറ്ററി)**

ആറ് വർഷം മുൻപ് കെട്ടിടം നിർമ്മിച്ചത് നിലവിലുള്ള റോഡിൽനിന്ന് 5 മീറ്റർ വിട്ടിട്ടാണ്. ബിൽഡിങ്ങിന്റെ കുറെ ഭാഗം സംരക്ഷിക്കപ്പെടണം. അതിനുള്ള സൗകര്യം ചെയ്തു തരണം. അലൈൻമെന്റിൽ മാറ്റം വരുത്തണം ആകെ മൂന്ന് സെന്റ് സ്ഥലമാണ്. ഇതിൽ 2 സെന്റ് നഷ്ടപ്പെടും. മൂന്ന് നില കെട്ടിടമാണ്. ഇതിന്റെ മുൻവശം 1 ½ മീറ്റർ പൊളിക്കേണ്ടിവരും ഇത് കുറച്ചു ഒഴിവാക്കി തന്നു ഫുട്പാത്തിലേക്കു തള്ളി നിൽക്കുന്ന തരത്തിൽ ഒഴിവാക്കി തരണം. 65 വയസ്സായ ഞങ്ങൾക്ക് വേറെ മാർഗ്ഗമില്ല. അപേക്ഷ പരിഗണിക്കണം

**15. ശ്രീ ഹാഷിം (ഹാർഡ്‌വെയർ)**

ഞാൻ ഒരു പ്രവാസിയായിരുന്നു. 2007 ൽ തിരിച്ചുവന്നു. എന്റെ സ്ഥാപനം വാടകക്ക് നൽകി ആ വാടക കൊണ്ട് ജീവിക്കുന്നു 2 ½ മീറ്റർ ഉള്ളിലായി അടയാളപ്പെടുത്തിയിരിക്കുന്നു. എന്റെ സ്ഥാപനത്തിൽ മൂന്നു തൊഴിലാളികളും ഉണ്ട്. തൊഴിലാളികൾക്കും എനിക്കും പ്രയാസമുണ്ടാകും.

**16. ശ്രീ സ്വാമിനാഥൻ (എല്ലോറ എഞ്ചിനീയറിംഗ് )**

1995 ൽ വായ്പയെടുത്ത് വാങ്ങിയ കെട്ടിടമാണ്. എന്നെ കൂടാതെ രണ്ടു തൊഴിലാളികളും ജോലിചെയ്തു വരുന്നു. ഇത് പൂർണമായും ഇല്ലാതാകും. രണ്ടു പെൺകുട്ടികൾ അടങ്ങുന്ന എന്റെ കുടുംബം ഇത് കൊണ്ടാണ് ജീവിക്കുന്നത്. എന്റെ ജീവിത മാർഗ്ഗം ഇല്ലാതാകും.

**17. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, എലെക്ട്രിക്കൽ സർക്കിൾ , കണ്ണൂർ**

കണ്ണൂർ 2 വില്ളേജിൽപെട്ട കണ്ണോത്തുംചാൽ ദേശത്ത് സ്ഥിതി ചെയ്യുന്ന സംസ്ഥാന വൈദ്യുതി ബോർഡിൻറെ കണ്ണൂർ വൈദ്യുതി ഭവനവും കണ്ണൂർ എലെക്ട്രിക്കൽ സബ്ഡിവിഷനും സ്ഥിതിചെയ്യുന്ന സ്ഥലം ഇതിൽ പെടുന്നു. കണ്ണൂർ വൈദ്യുതി ഭവനിൽ KSEB Ltd ന്റെ 16 ഓളം വിവിധ ഓഫീസുകളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. കണ്ണൂർ ഇലെക്ട്രിക്കൽ സെക്ഷനും സബ് ഡിവിഷനുമുള്ള കെട്ടിടം പൊളിക്കുന്ന അവസ്ഥയും വൈദ്യുതഭവൻ കെട്ടിടത്തോട് തീരെ അകലം പാലിക്കാതെയുള്ള ഭൂമി ഏറ്റെടുക്കൽ പ്രവർത്തി ഗുരുതര സാഹചര്യമായിട്ടാണ് കാണുന്നത്. ഈ കെട്ടിടങ്ങളുടെ സുരക്ഷയെ ബാധിക്കാത്ത രീതിയിൽ ക്രമീകരിക്കണം. നിലവിൽ റോഡിനു അഭിമുഖമായി നിൽക്കുന്ന വൈദ്യുതി ഭവൻ കെട്ടിടത്തിന്റെ മുൻഭാഗത്തെ യാർഡിലാണ് ഓഫീസ് മേധാവികളുടെയും മറ്റു ഔദ്യോഗിക ആവശ്യങ്ങൾക്കുമുള്ള വാഹനങ്ങളും, ജീവനക്കാരുടെ വാഹനങ്ങളും പാർക്ക് ചെയ്യുന്നത്. പ്രസ്തുത പാർക്കിംഗ് സൗകര്യം ഇല്ലായ്മ ചെയ്യുന്ന രീതിയിലുള്ള ഏറ്റെടുക്കൽ പ്രവൃത്തി ഓഫീസുകളുടെ പ്രവർത്തനത്തെ

ബുദ്ധിമുട്ടാക്കുന്ന തരത്തിലുള്ളതാണെന്നും, ഇത് ഒഴിവാക്കുന്ന രീതിയിൽ ഒരു പരിഹാരം ഉണ്ടാക്കി തരണം.

18. **ശ്രീമതി സജിത കെ.കെ. (ഡോളി/പവിത്രൻ/പദ്മ/പ്രഭ )**
ഞങ്ങളുടേതായി 2 ¾ സെന്റും ബിൽഡിങ്ങുമാണുള്ളത്. ബിൽഡിംഗ് പൊളിക്കപെടുന്നെങ്കിൽ മുഴുവനായും ഏറ്റെടുക്കണം. ഇന്നത്തെ മാർക്കറ്റ് വില ലഭിക്കണം. ഞങ്ങൾ വികസനത്തിന് എതിരല്ല
19. **സൗത്ത് ബസാർ മക്കാനി മുതൽ - ചേംബർ ഓഫ് കൊമേഴ്സ് വരെ ഭാഗത്തു ദേശീയപാതയരികിൽ പ്രവർത്തിക്കുന്ന 115 വ്യാപാരികൾ (1. വി.പി.നൗഷാദ് മുതൽ 115. മനോജ് എ) വരെ)**

കണ്ണൂർ നഗരം മുഴുവനായും ഒഴിവാക്കി സമീപ ഭാവിയിൽ വളപട്ടണം മുതൽ തലശ്ശേരി ഭാഗത്തേക്ക് പുതിയതായി ഒരു ആറ് വരി പാത വരുന്ന വിവരം ഞങ്ങൾക്കും പൊതു ജനങ്ങൾക്കും അറിയുന്ന കാര്യമാണ്. അപ്രകാരം കണ്ണൂർ നഗരത്തെ മുഴുവൻ ഒഴിവാക്കി അത്തരമൊരു പാത വരുന്നുവെങ്കിൽ കോടി കണക്കിന് രൂപ പൊതു ഖജനാവിൽനിന്നു ചിലവഴിച്ച് കണ്ണൂർ നഗരത്തിലൂടെ ഒരു ഫ്ളൈഓവർ വേണോ എന്നത് പഠന വിഷയമാക്കേണ്ടതാണ്.

ചാല ബൈപാസ് വന്നത് മുതൽ തോട്ടട ദേശീയപാത വാണിജ്യപരമായി ഇല്ലാതായി, അതുപോലെ പുതിയ ഫ്ളൈഓവർ വരുന്നതോടെ എല്ലാ ബിസിനസ് സ്ഥാപനങ്ങളും ഫ്ളൈഓവറിനു അടിയിലാകുകയും ബിസിനസ് ക്രമേണ ഇല്ലാതായി പൂട്ടുകയും ചെയ്യേണ്ട അവസ്ഥ വരും. ഫ്ളൈഓവറിനു പകരം നിലവിലുള്ള ദേശീയപാത കൂടുതൽ വികസിപ്പിച്ചു നിലവിലുള്ള ഗതാഗത തടസ്സം ഒഴിവാക്കാനും സാധിക്കും. മേൽ സൂചിപ്പിച്ചതു പോലെ പുതിയ ആറ് വാരി പാത വരികയാണെങ്കിൽ ഫ്ളൈഓവറിലൂടെ യാത്ര ചെയ്യേണ്ട ആവശ്യം തന്നെ ഇല്ലാതാവുകയും വാഹനങ്ങളുടെ എണ്ണം വളരെ കുറവുമായിരിക്കും. ഈ കാര്യങ്ങൾകൂടി പൊതു ഖജനാവിലെ പണം ഉപയോഗിച്ച് പുതിയ പ്രവർത്തി നടത്തുമ്പോൾ ആലോചിക്കേണ്ടതുണ്ട്. എന്നാൽ മേൽ പ്രകാരം വസ്തു വകകൾ ഏറ്റെടുക്കുമ്പോൾ യാതൊരു വിധ ശാസ്ത്രീയ പഠനവും ഇല്ലാതെയാണ് കണ്ണൂർ നഗരത്തിന്റെ നിലവിലുള്ള ഘടനയെക്കുറിച്ചു പഠിക്കാതെ തികച്ചും ഏകപക്ഷീയമായാണ് സ്ഥലം ഏറ്റെടുക്കൽ പ്രഖ്യാപിച്ചിട്ടുള്ളത്.

യാതൊരു വിധ പഠനമോ ചർച്ചകളോ ഇല്ലാതെ വസ്തുവഹകൾ ഏറ്റെടുക്കുന്നതിലൂടെ വർഷങ്ങളായി പ്രസ്തുത വസ്തു വഹകളിൽ കച്ചവടം ചെയ്തുവരുന്ന ഞങ്ങളെയും ആയിരകണക്കിന് തൊഴിലാളികളെയും വഴിയാധാരമാക്കുന്ന നടപടിയാണ് ഗവണ്മെന്റ് നടത്തിവരുന്നത്. കോവിഡ് 19 മൂലം കച്ചവടം തീർത്തും ഇല്ലാതായി ജീവിതം വഴിമുട്ടി നിൽക്കുന്ന ഈ

കാലഘട്ടത്തിൽ യാതൊരു വിധ പഠനവുമില്ലാതെ ഇത്തരത്തിൽ ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ടു പോകുന്നത് ഞങ്ങളെ ആത്മഹത്യയിലേക്കു നയിക്കുന്നതിന് സമമാണ്.

അതിനാൽ സ്ഥലമേറ്റെടുപ്പ് വിജ്ഞാപനം പിൻവലിക്കണമെന്നും നടപടികൾ എത്രയും പെട്ടെന്ന് നിർത്തിവെക്കണമെന്നും വ്യാപാരി സമൂഹത്തെയും തൊഴിലാളികളെയും കുടുംബാംഗങ്ങളെയും സംരക്ഷിക്കണമെന്നും ആവശ്യപെടുന്നു.

**20. ശ്രീ ലതീഷ്കുമാർ എം.സി**

ഏറ്റെടുക്കപെടാൻ ഉദ്ദേശിക്കുന്ന ഭൂമി (റീ.സ29) എനിക്കും സഹോദരസഹോദരിമാർക്കും കൂട്ടായി അവകാശപെട്ടതും കൂട്ടുകൈവശവുമാണ്. ഇതിൽ ഗ്രൗണ്ടിൽ 7 മുറികളും മുകൾ ഭാഗത്ത് 5 മുറികളും ഉണ്ട്. അവകൾ ഭാഗികമായി അക്വയർ ചെയ്യപ്പെടുന്നു. പ്രസ്തുത എടുപ്പുകളുടെ വാടക കൊണ്ടാണ് ഞങ്ങൾ ഉപജീവനം കഴിച്ചു വരുന്നത്. അക്വയർ ചെയ്യുന്നതോടെ ഞങ്ങളുടെ ഉപജീവന മാർഗ്ഗം തടയപ്പെടുന്നതാണ്. രണ്ടു ഭാഗത്തു നിന്നും വന്നു തുല്യമായി അക്വയർ ചെയ്യാതെ എന്റെ വസ്തു മാത്രം അക്വയർ ചെയ്യുന്നത് ശരിയല്ല. ഞങ്ങൾക്ക് അവകാശപ്പെട്ട എടുപ്പുകൾ ഒഴിവാക്കി തരണം. റോഡിൻറെ വീതി ചുരുക്കി സ്ഥലം അക്വയർ ചെയ്യണം.

**21. ശ്രീ സുബോധ് ടി.കെ (ഗുഡ് ലുക് , തെക്കിബസാർ )**

നിലവിൽ ഗുഡ് ലുക് ടെക്സ്ടൈൽസ് നടത്തിവരുന്നു. ബിസിനസ് ആരംഭിക്കാനായി ഷോപ്പിന് 22 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്. പ്രതിമാസ വാടക 7500 ക യാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചൊവ്വ ശാഖയിൽനിന്നും താവക്കര അർബൻ ബാങ്കിൽനിന്നും 14 ലക്ഷം രൂപ വായ്പയെടുത്തിട്ടുണ്ട്. ഇത്രയും ഞാൻ ഷോപ്പിനായി ചിലവഴിച്ചിട്ടുള്ളതാണ്. എന്റെ രണ്ടു പെൺകുട്ടികളും പ്രഫഷണൽ കോഴ്സ് പഠിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഷോപ് അല്ലാതെ എനിക്ക് വേറെ ജീവിത മാർഗ്ഗമില്ല. എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുകയാണെങ്കിൽ അത് പരിഹരിക്കണം.

**22. ശ്രീമതി മിനി സെബാസ്റ്റ്യൻ (സാജ് ഫർണിച്ചർ & ഹോം സെന്റർ )**

1997 ൽ 3 ½ ലക്ഷം രൂപ മാനുഷം കൊടുത്തു തുടങ്ങിയ സ്ഥാപനമാണ്. ഞാനും ഭർത്താവും ചേർന്ന് നടത്തുന്നു. ഞങ്ങളുടെ കുടുംബത്തിന്റെ ഏക വരുമാന മാർഗ്ഗമാണ്. 2 മക്കൾ വിദ്യാർത്ഥികളാണ്. മേൽപാലം നിർമാണത്തിനായി അളന്നതിൽ ഞങ്ങളുടെ സ്ഥാപനവും നഷ്ടപ്പെടുമെന്ന് അറിയാൻ കഴിഞ്ഞു. വിട്ടുകൊടുക്കേണ്ടിവന്നാൽ മുന്നോട്ടുള്ള ഉപജീവനമാർഗ്ഗം നഷ്ടപ്പെടുമെന്ന്

ആശങ്കപ്പെടുന്നു. ബാങ്കിൽനിന്ന് വലിയ തുക കടമെടുത്താണ് ഇത് നടത്തിവരുന്നത്. മകളുടെ പഠനത്തിന് വേണ്ടി എടുത്ത ബാധ്യതയുമുണ്ട്. കൊറോണകാലത്തെ അധിക നഷ്ടവും ബാധ്യതകളും വേറെയും. ഞങ്ങളുടെ പ്രയാസങ്ങൾ കണക്കിലെടുത്തു മുന്നോട്ട് ഒരു തൊഴിൽ ചെയ്തു ജീവിക്കാനുള്ള പുനഃസ്ഥാപനത്തിനുള്ള സൗകര്യം ഒരുക്കി തരണം. കെട്ടിടം നഷ്ടപെടുന്നതിനാൽ ഉടമ ഞങ്ങളെ കൈ ഒഴിയുകയും ചെയ്യും. ഈ പ്രതിസന്ധി പരിഹരിക്കപ്പെടണം.

**23. ശ്രീ പ്രവീൺ കുമാർ (പ്രവീൺ ഓട്ടോസ്പെയേഴ്സ് ) യൂണിറ്റി ബിൽഡിംഗ്**

25 വർഷമായി ഇവിടെ ബിസിനസ് ചെയ്തുവരുന്നു. ഷോപ്പ് എടുക്കുമ്പോൾ 4 ലക്ഷത്തിലധികം തുക മാനുഷമായി നൽകിയിരുന്നു. ഭാര്യയും കുട്ടിയുമടങ്ങുന്ന കുടുംബമുണ്ട്. പരസ്പരം ജാമ്യംനിന്നു ലോൺ എടുത്തതിനാൽ വലിയ കടബാധ്യതയുണ്ട്.ഇങ്ങിനെ ബുദ്ധിമുട്ടുമ്പോഴാണ് മേൽപാലമെന്ന നിർദ്ദേശം വരുന്നത്. എന്റെ ഷോപ്പിന്റെ മുൻവശം ഇതിൽ ഉൾപെടുന്നതായി അറിയുന്നു. വികസനത്തിന് എതിരല്ല. കണ്ണൂർ നഗരം തൊടാതെ ബൈപാസ് വരുമ്പോൾ 70% വാഹനത്തിരക്കും ഇല്ലാതാകും. എന്റെ ഒന്നുരണ്ടു ഷോപ്പുകളുടെ മുൻഭാഗം ഇല്ലാതായാൽ , ബാക്കിസ്ഥലങ്ങൾ നിലനിർത്തി ഇപ്പോൾ ചെയ്യുന്ന പ്രവൃത്തി തുടരാനുള്ള അനുമതിയും അവകാശവും ശരിയാക്കി തരണം. ഇപ്പോഴുള്ള തെക്കീബസാറിന്റെ പ്രൗഢി നിലനിർത്തത്തക്കവിധം റോഡ് പരമാവധി വലുതാക്കി ഡിവൈഡറുകൾ ഇല്ലാതാക്കി, അനാവശ്യ പാർക്കിംഗ്, എല്ലാ സ്ഥലത്തും ക്യാമറ വച്ച്, അത് പോലീസ് സ്റ്റേഷനുമായി ബന്ധിപ്പിച്ചു എത്രയും പെട്ടെന്ന് ബൈപാസ് ശരിയാക്കാനുള്ള മാർഗ്ഗം തേടണം. നവീകരണത്തിന്റെ ഭാഗമായി ഷോപ്പ് ഏറ്റെടുക്കേണ്ടിവന്നാൽ ന്യായമായ നഷ്ടപരിഹാരം തരണം.

**24. ശ്രീ സി. മനോമോഹനൻ (മംഗല്യ ഓട്ടോസ്പെയേഴ്സ് )**

എനിക്ക് 56 വയസ്സുണ്ട്. 1987 ഏപ്രിൽ 24 മുതൽ മംഗല്യ ഓട്ടോ സ്പെയേഴ്സ് എന്ന സ്ഥാപനം നടത്തിവരുന്നു. വയസ്സായ അമ്മയും ഭാര്യയും പഠനം നടത്തിക്കൊണ്ടിരിക്കുന്ന മക്കളും അടങ്ങുന്ന കുടുംബത്തിന്റെ ഏക ആശ്രയം ഈ ഷോപ്പിൽ നിന്നുള്ള വരുമാനമാണ്. താമസിക്കുന്ന വീട് പണയപ്പെടുത്തി കടമെടുത്താണ് ഇത് നടത്തുന്നത്. തിരിച്ചടവ് താമസിച്ചാൽ ബാങ്ക് ജപ്തിനോട്ടീസയക്കും. 5 ഷോപ്പ് അടങ്ങുന്ന കെട്ടിടത്തിൽ (യൂണിറ്റി ബിൽഡിംഗ് ) ആർക്കു ഷോപ്പ് നഷ്ടപ്പെട്ടാലും ഞങ്ങളെ ബാധിക്കും ഷോപ്പുകൾ പൊളിക്കുന്ന അവസ്ഥ വരികയാണെങ്കിൽ, ബാക്കി സ്ഥലം ഇതേ ആളുകൾക്ക് ഗവെർമ്മെന്റിന്റെ അനുമതിയോടെ നിലനിർത്താനാവശ്യമായ സ്ഥിതി ഉണ്ടാകണം. എന്റെ കെട്ടിടം ഉടമ എം.കെ.ഫൈസൽ, ബിൽഡിങ്ങിന്റെ പുറകെ താമസിക്കുന്നു. ബാക്കിറൂമുകൾ ഇദ്ദേഹത്തിന്റെ സഹോദരന്മാരുടേതാണ്.

കാലപ്പഴക്കം പറഞ്ഞു മൊത്തമായി പൊളിക്കാൻ ശ്രമങ്ങൾ നടന്നു വരുന്നു. ഞങ്ങൾ വികസനത്തിന് എതിരല്ല. കുറേപേരുടെ ജീവിതം തകർത്ത്, പ്രധാനസ്ഥലം നിശ്ചലമാക്കിക്കൊണ്ടുള്ള വികസനത്തെ എതിർക്കുന്നു.

വാഹനബാഗുല്യം പരിഹരിക്കാൻ - ബൈപാസ് പണി എത്രയും വേഗം പൂർത്തിയാക്കുന്ന എല്ലാ റോഡുകളും 5 കി മിക്കുള്ളിൽ ലൈൻ മാർക്ക് ചെയ്തു രണ്ടുവശവും മഞ്ഞ വര മാർക്കുചെയ്താൽ അനധികൃത പാർക്കിംഗ് ഒഴിവാക്കാം. ബോധവൽക്കരണവും ഫൈൻ ഈടാക്കലുമാകുമ്പോൾ പാർക്കിംഗ് ഒഴിവാക്കാം. ഒഴിഞ്ഞു കിടക്കുന്ന കോർപറേഷൻ സ്ഥലത്തു കൊട്ടേഷൻ അടിസ്ഥാനത്തിൽ പാർക്കിംഗ് ഫീസാക്കാം. NKBT പെട്രോൾ പമ്പിന് പിന്നിലുള്ള സ്വകാര്യ സ്ഥലം പേപാർക്കിംഗ് ആക്കാം. കെ.കെ.ബസ് സ്റ്റാൻഡ് പോലെ ചെയ്യാവുന്നതാണ്.

റോഡിലേക്ക് തള്ളിനിൽക്കുന്ന ഡിവൈഡറുകൾ നീക്കം ചെയ്യണം റിഫ്ലക്ടറുകൾ സ്ഥാപിക്കണം പാർക്കിംഗ് സ്ഥലം ബോർഡുകൾ വഴി ജനങ്ങളെ അറിയിക്കണം

**25. ശ്രീ സൂരജ് കെ.എം (റീ.സ 551)**

ജാനകി നിവാസിന്റെ ഒരു അവകാശിയാണ് ഞാൻ. എന്റെ അമ്മാവൻ കെ.കെ. ശശിധരനാണ് നോട്ടീസ് കൈപറ്റിയിരിക്കുന്നത്. കുടുംബസ്വത്താണ്. അവകാശ തർക്കം നിലനിൽക്കുന്നു. ഇതിലെ റോഡിനോട് ചേർന്നുള്ള 6.5 സെന്റ് ഭൂമി വിട്ടുനൽകാൻ തയാറാണ്. എന്നാൽ നഗരത്തിലെ ഹൃദയഭൂമി ആയതിനാൽ ഒരു സെന്റിന് 40 ലക്ഷം രൂപയെങ്കിലും ലഭിക്കണം. ഇതിന്റെ അവകാശം പരേതരായ കെ.കെ.ജനാർദ്ദനൻ, കെ.കെ.ശ്രീനിവാസൻ, കെ.കെ.ചന്ദ്രശേഖരൻ, കെ.കെ.ശിവദാസ് എന്നിവരുടെ അനന്തരാവകാശികളായ 14 പേർക്കുള്ളതാണ്.

**26. ശ്രീ ശൈലേഷ് (ഷൈൻ ട്രേഡേഴ്സ് ), യൂണിറ്റി ബിൽഡിംഗ്**

ഈ കെട്ടിടത്തിലെ 3- )ം നമ്പർ ഷോപ്പിൽ കഴിഞ്ഞ 22 വർഷമായി ബിസിനസ് ചെയ്യുന്നു. 3 ലക്ഷം മാനുഷം കൊടുത്തിരുന്നു. ഇത് തിരിച്ചുകിട്ടില്ല. പരസ്പരം വായ്പയെടുത്താണ് കച്ചവടം. ഏറെ ബാധ്യതയുണ്ട്. പ്രായമായ അമ്മയുണ്ട്. ഈ ഒരു വരുമാനം മാത്രമേ ഉള്ളു. കട ഏറ്റെടുക്കുകയാണെങ്കിൽ ന്യായമായ നഷ്ടപരിഹാരം ലഭിക്കണം. അല്ലാത്ത പക്ഷം ബാക്കി സ്ഥലം നിലനിർത്താനാവശ്യമായ കാര്യങ്ങൾ ശരിയാക്കി തരണം വികസനത്തിന് എതിരല്ല. മേൽപാലം നടപ്പാക്കുന്നത് ശരിയായ രീതിയിലാണോ എന്ന് പരിശോധിക്കണം. ബൈപാസ് വന്നാൽ തീരുന്ന വാഹനപ്പെരുപ്പമേ ഇവിടെയുള്ളു. അനാവശ്യ പാർക്കിംഗ് ഒഴിവാക്കി റോഡ് വലുതാക്കി, മറ്റു കടകൾ

നിലനിർത്തിക്കൊണ്ടു, കോർപറേഷൻ മുഖേന പാർക്കിംഗ് സൗകര്യങ്ങൾ ശരിയാക്കിയാൽ തീരുന്ന പ്രശ്നമേയുള്ളു.

27. ശ്രീ എം.കെ സലീം (മേഫ്സ്റ്റെഡ്)

റീ . സ 535 ലെ വീട്ടുപറമ്പും അതിലുള്ള ഷോപ്പുകളും സ്ഥലമേറ്റെടുപ്പിൽ ബാധിക്കാനിടയുണ്ട്. ഇത് ഞാനും രണ്ടു സഹോദരന്മാരും ഒരു സഹോദരിക്കും കൂട്ടവകാശമുള്ളതാണ്. പ്രധാന പാതയുടെ പടിഞ്ഞാറു വശമാണ്. ഇതിനു തൊട്ടടുത്താണ് ജെ.ജെ.എസ് ആശുപത്രി. കിഴക്കു ഭാഗത്തായി വഖഫിന്റെയും പള്ളിയുടെയും സ്ഥലമാണ്.

ആദ്യം റോഡിൻറെ ഇരുവശത്തുമായി തുല്യമായി ഭൂമി എടുക്കാനാണ് നിർദേശമുണ്ടായിരുന്നത്. വഖഫിന്റെയും പള്ളിയുടെയും സ്വാധീനത്താൽ ഇത് മാറിവരുന്നു. ഇപ്പോൾ കിഴക്കു ഭാഗത്തു നിന്നും വളരെ കുറച്ചും, പടിഞ്ഞാറു ഭാഗത്തു നിന്നും വളരെ കൂടുതലും എടുക്കാനും നിർദേശം. ഇത് വിവേചനമാണ്. വഖഫിന്റെയോ പള്ളിയുടെയോ ഭൂമി ഏറ്റെടുക്കുന്നതിന് യാതൊരു നിയമതടസ്സവുമില്ല എന്ന് ശ്രദ്ധയിൽപെടുത്തുന്നു. ഇപ്പോഴത്തെ നിർദേശം ഞങ്ങൾക്കും ജെ.ജെ.എസ് ആശുപത്രിക്കും ആത്മഹത്യാപരമാണു. അതിനാൽ ആദ്യ നിർദേശം തന്നെ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

28. മാനേജർ, മോഡേൺ ഐ.ടി.ഐ

കേന്ദ്ര സർക്കാരിന്റെ NCVT (National Council for Vocational Training) ന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. മെയിൻ ഓഫീസ്, പ്രിൻസിപ്പലിന്റെ ഓഫീസ്, ലൈബ്രറി, സ്റ്റോർ, ക്ലാസ്സ്മുറികൾ, ലേഡീസ് ടൈലറിങ്, ജൻറ്സ് ടോയ്‌ലറ്റ്, റസ്റ്റ് റൂം, റീഡിങ് റൂം, പ്രാക്ടിക്കൽ ഹാൾ മുറികൾ, കമ്പ്യൂട്ടർ ലാബ് എന്നിവയുടെ കൃത്യമായ അളവുകൾ കാണിക്കുന്ന പ്ലാനിന്റെ 14 കോപ്പികൾ ഡൽഹിയിലെ NCVT ഓഫീസിൽ സമർപ്പിച്ചു പരിശോധനയ്ക്കു വിധേയമായ ശേഷം സ്ഥിരഅംഗീകാരം കിട്ടി പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങളെ പോലെ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുവാനോ, അംഗീകൃത അളവിൽ കുറവുവരുത്താനോ പറ്റില്ല. മുൻപ് ഈ കെട്ടിടം ഒരാളുടെ കൈവശമായിരുന്നെങ്കിലും പിന്നീട് പലർക്കും കൈമാറ്റപ്പെട്ടു. മുൻഭാഗത്തെ 8 മുറികളുടെയും മേൽമാടങ്ങളുടെയും വടക്കേ അതിർത്തിയായ ചുമരിനോട് ചേർന്നാണ് ഞങ്ങളുടെ സ്ഥാപനത്തിന്റെ പ്രാക്ടിക്കൽ ഹാളുകളും ക്ലാസ്സ്മുറികളും പ്രവർത്തിക്കുന്നത്. മാർക്ക് ചെയ്ത അതെ അളവിൽ പൊളിച്ചു നീക്കപ്പെട്ടാൽ, ബാക്കി ഭാഗത്തോട് കൂട്ടിച്ചേർക്കാൻ അതിർത്തിച്ചുമാർ നീക്കിയാൽ മതിയാകുന്നതാണ്. ഇങ്ങിനെവന്നാൽ, നഷ്ടപെടുന്ന ഓഫീസും റൂമും ക്രമീകരിക്കാനും അംഗീകാരം നഷ്ടപ്പെടാതെ

സംരക്ഷിക്കാവുന്നതുമാണ്. ഇതിനുള്ള ഉത്തരവാദിത്വവും ചിലവും സ്ഥാപന മാനേജ്മന്റ് ഏറ്റെടുക്കുന്നതാണ്.

കെട്ടിട നിർമ്മാണസമയത്ത് നിയമാനുസൃത പാർക്കിംഗ് ഏരിയക്കു സ്ഥലം വിട്ടിരുന്നു. ആ സ്ഥലം ഓവുചാലിനും ഫുട്പാത്തിനുമായി വിനിയോഗിച്ചപ്പോൾ പാർക്കിംഗ് ഏരിയ ഏറെ കുറഞ്ഞു. അതിനാൽ നിയമാനുസൃത പാർക്കിംഗ് ഏരിയ നിബന്ധനയിൽനിന്നു ഒഴിവാക്കി തരണം. പിൻഭാഗത്തെ നാല് കെട്ടിടങ്ങളിൽനിന്നും അപകടസമയത്ത് രക്ഷപെടാനായി ഫയർ എസ്കേപ്പിനായി മുൻഭാഗത്ത് ഉണ്ടാക്കിയ രണ്ടാമത്തെ ഗോവണി പൊളിക്കപെടുമ്പോൾ, പൊളിച്ചു നീക്കിയ സ്ഥലത്ത് ഫയർ എസ്കേപ്പിനുള്ള ഏണിപ്പടി ഉണ്ടാക്കാനുള്ള അനുമതി തരണം.

**29. കെ.എസ്.ആർ.ടി.സി.**

കണ്ണൂർ ഡിപ്പോവിന്റെ തെക്കുഭാഗത്തായിട്ടാണ് അടയാളപ്പെടുത്തിയിരിക്കുന്നത്. ഇവിടെയുള്ള അലി ഫുഡ് കോർട്ടിന്റെ സമീപത്ത് 3 മീറ്റർ ഉള്ളിലായും ഏറ്റവും തെക്കു ഭാഗത്ത് 5 മീറ്റർ ഉള്ളിലായാണ്. ഏകദേശം 5 സെന്റോളം വാണിജ്യപ്രാധാന്യമുള്ള കണ്ണായ ഭൂമിയാണിത്. ഇത് ഒഴിവാക്കപ്പെടണം

യോഗം 2 മണിക്ക് അവസാനിച്ചു

പ്രസ്തുത യോഗത്തിൽ ഭൂവുടമകളിൽ നിന്നും തൽപരകക്ഷികളിൽനിന്നും ഉയർന്നു വന്ന നിർദേശങ്ങൾ അർത്ഥനാധികാരിയായ മാനേജിങ് ഡയറക്ടർ RBDCK ക്കു അയച്ചു കൊടുത്തിരുന്നു. അതിനുള്ള അഭിപ്രായങ്ങൾ 27.01.2021 (27/01/20121- 14:30hours) നു ഇമെയിൽ മുഖേന ലഭിക്കുകയും ചെയ്തു. ആയതു താഴെ കാണിച്ചിരിക്കുന്നു.

1. <u>**പരാതികൾ - 1,2,3,8,9,10,11,12,13,15,19,20,23,26**</u>

വിശദമായ ട്രാഫിക് പഠനത്തിന്റെയും ശാസ്ത്രീയമായ വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ IRC മാനദണ്ഡപ്രകാരം കിഫ്ബിയുടെ അംഗീകാരത്തോടെയാണ് ഫ്ളൈഓവറിന്റെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുള്ളത്. പല പരാതികളിലും അലൈൻമെന്റിൽ മാറ്റം വരുത്തുന്നതിനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. അലൈൻമെന്റിൽ മാറ്റം വരുത്തുന്നത് നിലവിൽ പ്രയോഗികമല്ലാത്തതും ആയത് IRC മാനദണ്ഡങ്ങളുടെ ലംഘനമാകുന്നതുമാണ്.

2. **പരാതികൾ - 6,7,9,14,15,19,21,22,23,24,25,26,27,29**

ഏറ്റെടുക്കുന്ന വസ്തുവിനും അതിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്കും മറ്റു ചമയങ്ങൾക്കും RFCTLARR Act 2013 പ്രകാരവും സർക്കാരിന്റെ 29.12.2017 തീയ്യതിയിലെ G.O.(MS)448/17/RD നം. ഉത്തരവ് പ്രകാരവും ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും അർഹതയുണ്ട്. ആയത് പ്രകാരം നഷ്ടപെടുന്ന ഓരോ വ്യക്തിയുടെയും വസ്തു നേരിട്ട് പരിശോധിച്ച് അവർക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം നൽകുന്നതായിരിക്കും.

വാടകയ്ക്ക് കച്ചവടം നടത്തുന്നവർക്കും നിയമാനുസൃതം തൊഴിൽ ചെയ്യുന്നവർക്കും മേൽ നിയമപ്രകാരവും സർക്കാർ ഉത്തരവ് പ്രകാരവും നഷ്ടപരിഹാരം ലഭിക്കുന്നതാണ്.

3. **പരാതി - 4**

ഏറ്റെടുക്കുന്ന വസ്തുവിലെ കെട്ടിടം പൊളിക്കുമ്പോൾ ബാക്കി ഭാഗം നിലനിർത്തുന്നത് സംബന്ധിച്ചു പൊതുമരാമത്ത് വകുപ്പിലെ ബന്ധപെട്ട എഞ്ചിനീയർമാർ പരിശോധിച്ച് തീരുമാനമെടുക്കുന്നതായിരിക്കും. സ്വന്തം നിലയ്ക്ക് കെട്ടിടം പൊളിക്കുന്നതിനു താല്പര്യം ഉള്ളവർക്ക് ആർ.ബി.ഡി.സി.കെ.നിശ്ചയിക്കുന്ന തുക ഒടുക്കിയാൽ അനുവാദം നൽകുന്നതാണ്.

4. **പരാതി - 28**

സ്ഥലവും കെട്ടിടവും ഭാഗികമായി ഏറ്റെടുക്കുന്നതിനാൽ ബാക്കി വരുന്ന ഭാഗം ആവശ്യമായ മാറ്റങ്ങൾ വരുത്തി പുനഃക്രമീകരിക്കുന്നതിന് ബന്ധപ്പെട്ട കോർപറേഷൻ സെക്രട്ടറി മുൻപാകെ അപേക്ഷിക്കുകയും ആവശ്യമായ അംഗീകാരം ലഭിക്കാവുന്നതുമാണ്.

**ആഘാതങ്ങൾ**

**തൊഴിലിനുണ്ടാകുന്ന ആഘാതം**

കണ്ണൂർ താലൂക്കിലെ, കണ്ണൂർ 1, കണ്ണൂർ 2 എന്നീ വില്ലേജുകളിൽ വിവിധ സർവ്വേ നമ്പറുകളിലായിക്കിടക്കുന്നതും, ദേശീയപാത 66 ന്റെ ഇരുവശങ്ങളിലുമായിട്ടുള്ള ഭൂമി, തെക്കീബസാറിലെ ഏറ്റവും തിരക്കുപിടിച്ച വ്യാപാരമേഖലയാണ്. കണ്ണൂർ 1 വില്ലേജിലെ ചാലാട് അംശത്തിൽപെടുന്ന റീ സ 527 മുതൽ കണ്ണൂർ കരാർ ദേശത്തിലെ റീ സ 342 വരെയുള്ള റോഡിൻറെ പടിഞ്ഞാറുഭാഗത്തുള്ള സ്ഥലവും പുഴാതി ദേശത്തിലെ റീ സ 763 മുതൽ കണ്ണൂർ കണ്ണോത്തുംചാൽ ദേശത്തിലെ 817/2 വരെയുമുള്ള കിഴക്കു വശത്തെ ഭൂമിയിലുമായി ജെ.ജെ.എസ് ആശുപത്രി,

കെ.ൽ.സത്താർ ഷോപ് സമുച്ചയങ്ങൾ, വിവിധ വാഹന ഷോറൂമുകൾ, വർക് ഷോപ്പുകൾ, തയ്യൽ പരിശീലനകേന്ദ്രം, ട്യൂഷൻ സെന്റർ, മോഡേൺ ഐ.ടി.സി എന്നിവയടക്കം 250 ഓളം സ്ഥാപനങ്ങളിലായി 800 ൽ അധികം തൊഴിലാളികളും 235 ഓളം കട വാടകക്ക് നടത്തുന്നവരും അടക്കം ആയിരത്തോളം പേര് ജോലി ചെയ്തു വരുന്നുണ്ട്. ഇവരുടെ തൊഴിൽ പൂർണമായും ഇല്ലാതാവുന്നതോടെ, ഇവരെ ആശ്രയിച്ചു ജീവിക്കുന്ന കുടുംബങ്ങൾക്കും സാരമായ ആഘാതം ഉണ്ടാകുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ ഏറെ പ്രയാസത്തോടെ സ്ഥാപനം നടത്തുന്നവരും, ഇവിടെ ജോലി ചെയ്യുന്നവരും , സാവധാനം സാധാരണ നിലയിലേക്ക് എത്തിച്ചേരാനുള്ള വെമ്പലിലാണ്. ഈ സമയത്താണ് കൂനിന്മേൽ കുരുപോലെ ഫ്‌ളൈഓവറിനായുള്ള സ്ഥലമേറ്റെടുപ്പ്.

<u>വരുമാനത്തിനുള്ള ആഘാതം</u>

a) തൊഴിലിനുള്ള ആഘാതത്തിൽ ആയിരത്തോളം പേർക്ക് തൊഴിൽ നഷ്ടപ്പെടുന്നതായി സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഇവർക്ക് തൊഴിൽ നഷ്ടപെടുന്നതോടെ അവരുടെ വരുമാനം ഇല്ലാതാകുന്നു. ഇവരെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങൾ പ്രതിസന്ധിയിലാകുന്നു. ഇങ്ങിനെ തൊഴിൽ നഷ്ടപെടുന്നവർ ഭൂരിഭാഗവും അവരുടെ നല്ല പ്രായം കഴിഞ്ഞവരാണ് (45 വയസ്സിനുമേൽ പ്രായമുള്ളവർ) അതുകൊണ്ടുതന്നെ പുതിയ മേഖലയിലേക്ക് തൊഴിലന്വേഷിച്ചു പോകാൻ സാധിക്കാത്തവരാണ്.
b) ഇത് കൂടാതെ മുകളിൽ സൂചിപ്പിച്ചതുപോലെ 235 ഓളം സ്ഥാപനങ്ങൾ വാടകക്ക് ഏറ്റെടുത്തു നടത്തുന്ന കച്ചവടക്കാരും ഉണ്ട്. ബാങ്ക് വായ്പയും മറ്റും എടുത്ത്, സ്ഥാപനം വാടകക്ക് കിട്ടുന്നതിനായി മുൻ കൂർ തുക നൽകിയും മറ്റും കച്ചവടം നടത്തുന്ന വ്യാപാരികളെ ഏറെ സാരമായി ബാധിക്കുന്നു. വർഷങ്ങളായി കച്ചവടം നടത്തി ഉപജീവനം കഴിക്കുന്നവർ പെരുവഴിയിലാകുന്ന അവസ്ഥയാണ് സംജാതമാകുക. ഇവരെ ആശ്രയിച്ചു ജീവിക്കുന്ന കുടുംബങ്ങളും ഇതേ പ്രയാസം അനുഭവിക്കേണ്ടിവരുന്നു. കടയുടമകളിൽ ഏറിയ പങ്ക് 60 നു മുകളിൽ, ഏകദേശം 70 വയസ്സുവരെ പ്രായമുള്ളവരാണ്. പുതിയ ഒരു സ്ഥാപനം ആരംഭിച്ച്, കുടുംബം പുലർത്താൻ ഇവർക്ക് ഏറെ ക്ലേശിക്കേണ്ടിവരും.
c) വരുമാനത്തിന് ആഘാതം അനുഭവിക്കുന്ന മൂന്നാമത്തെ വിഭാഗമാണ് എഴുപതോളം വരുന്ന കെട്ടിട ഉടമകൾ. കെട്ടിട ഉടമകൾ കെട്ടിടം കച്ചവടം നടത്തുന്നതിന് മുന്നോടിയായി നിരതദ്രവ്യം പോലെ ഒരു നിശ്ചിത തുക മുൻകൂറായി വാങ്ങുന്നുണ്ട്. ഇത് കടമുറി ഒഴിയുമ്പോൾ

തിരികെ നൽകേണ്ടതാണെങ്കിലും ഇതിനു സാധാരണയായി പലിശ നൽകേണ്ടിവരുന്നില്ല. ഇതിന്റെ പുറമെയാണ് പ്രതിമാസം ലഭിക്കുന്ന വാടക. ഈ വാടക ഇല്ലാതാകുന്നത് ഭൂരിഭാഗം ഉടമകളെയും സാരമായിത്തന്നെ ബാധിക്കുന്നുണ്ട്. എന്നാൽ RFCTLARR Act അനുസരിച്ച് ഭൂ ഉടമകൾക്ക്, നഷ്ടപെടുന്ന സ്ഥലത്തിനും നിർമ്മിതിക്കും ന്യായമായ നഷ്ടപരിഹാരം ലഭിക്കുന്നു എന്നത് ഇവരുടെ ആഘാതത്തെ ലഘൂകരിക്കുന്നു.

**<u>പൊതു ഇടങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന ആഘാതം</u>**

ഫ്ളൈഓവറിനായി ഏറ്റെടുക്കുന്നതിനായി മാർക്ക് ചെയ്തിരിക്കുന്ന സ്ഥലങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് കാൽടെക്സ് ജംഗ്ഷനോട് ചേർന്ന് കിടക്കുന്ന സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൻറെ വിവിധ ഓഫീസുകളും വൈദ്യുതി ഭവനും ഉൾപ്പെടുന്ന സ്ഥലങ്ങളുടെ മുൻഭാഗമാണ്. നിലവിൽ ഓഫീസ് വാഹനങ്ങളും, ഓഫീസ് ആവശ്യത്തിനായി വരുന്ന പൊതുജനങ്ങളും അവരുടെ വാഹനം പാർക്ക് ചെയ്യാനുദ്ദേശിക്കുന്ന സ്ഥലം ഇല്ലാതാകും.

അതുപോലെതന്നെ റോഡ് ട്രാൻസ്പോർട് കോർപറേഷന്റെ, കണ്ണൂർ ഡിപ്പോയുടെ അല്പം സ്ഥലം നഷ്ടപ്പെടും.

ജില്ലാ പഞ്ചായത്തിന്റെ ക്വാളിറ്റി കണ്ട്രോൾ ലാബ്, സയൻസ് പാർക്ക്, കണ്ണൂർ നോർത്ത് എ.ഇ.ഓ ഓഫീസ് എന്നിവരുടെ കോമ്പൗണ്ടിലെ സ്ഥലം നഷ്ടപ്പെടും, ലാബിന്റെ മുന്നിലെ പാർക്കിംഗ് മേഖല പൂർണമായും ഇല്ലാതാകുന്നു.

റോഡിൻറെ പടിഞ്ഞാറു വശത്ത്, ട്രെയിനിങ് സ്കൂളിന്റെ എതിർവശത്തായി ഷാബ് ടൈൽസ് ആൻഡ് ബ്രിക്സിന്റെ സമീപത്തായി ഇന്ത്യൻ പോസ്റ്റൽ വകുപ്പിന്റെ ഒരു തപാൽ പെട്ടിയുണ്ട് ഇത് മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ കൈക്കൊള്ളാവുന്നതേയുള്ളു.

മക്കാനി ബസ് ഷെൽട്ടർ, കക്കാട് ജംഗ്ഷൻ ബസ് ഷെൽട്ടർ, സഫയർ റെസ്റ്റാറ്റാന്റിനു മുന്നിലുള്ള ബസ് ഷെൽറ്ററുകളും, ഇലക്ട്രിസിറ്റി ബോർഡിൻറെ ചില ട്രാൻസ്ഫോർമേറുകളും റോഡിൻറെ ഓരങ്ങളിലായുണ്ട്.

ഇവകൂടാതെ റോഡിൻറെ കിഴക്കു ഭാഗത്തായി മക്കാനി, ഹോളി ഫാമിലി ചർച്ച്, ഇമ്മാനുവേൽ ചർച്ച്, പടിഞ്ഞാറു വശത്തായി മഹ്മൂദ് മോസ്ക്, നസറത്തുൽ ഇസ്ലാം സഭ പള്ളി എന്നിവയുടെ മുൻഭാഗം നഷ്ടപ്പെടുന്നു.

## പാരിസ്ഥിതിക ആഘാതം

ഈ സ്ഥലമേറ്റെടുപ്പ് പരിസ്ഥിതിയെ കാര്യമായി സ്വാധീനിക്കുന്നില്ല. ഏറ്റെടുക്കാനുള്ള സ്ഥലത്തു മുഴുവൻ കെട്ടിടങ്ങളാണല്ലോ. വൈദ്യുതി വകുപ്പിന്റെ സ്ഥാപന ഭാഗത്ത് രണ്ടു വലിയ അരയാൽ മരവും ഒരു മാവും ഒരു കാട്ടുമരവും ഉണ്ട്. അതുപോലെ മഫ്സ്റ്റഡിന്റെ പറമ്പിൽ ഒരു മാവുണ്ട്. ഇവയൊന്നും പരിസ്ഥിതിയെ സാരമായി സ്വാധീനിക്കുന്നില്ല എന്ന വ്യക്തമാക്കുന്നു.

ഈ സ്ഥലമേറ്റെടുക്കൽ സാരമായി ബാധിക്കുന്നത് പ്രധാനമായും മൂന്നു വിഭാഗത്തെയാണ്

1. **കച്ചവടസ്ഥാപനങ്ങളിലെ തൊഴിലാളികൾ**

നേരത്തെ വ്യക്തമാക്കിയതുപോലെ ഇരുന്നൂറ്റി അമ്പതിലധികം സ്ഥാപനങ്ങളിലായി 800ൽ അധികം തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇവരുടെ തൊഴിൽ നഷ്ടപ്പെടുന്നു. ഇവർക്ക് പകരം തൊഴിൽ ലഭിക്കാനുള്ള സാധ്യത ആരായേണ്ടതുണ്ട്. നിലവിലെ സ്ഥാപനങ്ങളെ അല്പസ്വല്പം വ്യത്യാസപ്പെടുത്തിയാൽ ഇവരുടെ പ്രയാസം ഒരു പരിധിവരെ ദൂരീകരിക്കാവുന്നതാണ്.

2. **വ്യാപാരികൾ**

വലിയ തുക അഡ്വാൻസായി നൽകുകയും നല്ല വാടകയും നൽകി കച്ചവടം നടത്തുന്നവരാണ്. വർഷങ്ങളായി ഈ മേഖലയിൽ കഴിയുന്നവരുടെ സ്ഥാപനം ഇല്ലാതാകുമ്പോൾ, ഇവർ നൽകിയ മുൻകൂർ തുക പോലും ലഭിക്കാൻ പ്രയാസം ഉണ്ടാകും. കടയുടമകളിൽ ഏറിയ പങ്ക് 60 നു മുകളിൽ, ഏകദേശം 70 വയസ്സുവരെ പ്രായമുള്ളവരാണ്. പുതിയ ഒരു സ്ഥാപനം ആരംഭിച്ച്, കുടുംബം പുലർത്താൻ ഇവർക്ക് ഏറെ ക്ലേശിക്കേണ്ടിവരും. ബാങ്ക്വായ്പയും മറ്റും എടുത്ത് സ്ഥാപനം നടത്തുന്ന ഇവരുടെയും പുനരധിവാസം പ്രത്യേകം പരിഗണിക്കപ്പെടേണ്ടതാണ്.

3. **ഭൂവുടമകൾ**

ഭൂവുടമകൾക്ക് പ്രയാസം ഉണ്ടാകുന്നുവെങ്കിലും അവർക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം ലഭിക്കുന്നത് കൊണ്ട്, കട നടത്തുന്നവരുടെ പ്രശ്നങ്ങളും, ജീവനക്കാരുടെ പ്രശ്നങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, പൊതുവെ കുറവാണ്. ചിലരുടെ വീടിനോടു ചേർന്നും,

കുടിവെള്ള സ്രോതസ്സിനോട് ചേർന്നും അടയാളപ്പെടുത്തിയത് പ്രയാസം ഉണ്ടാക്കുന്നുണ്ട്.

പൊതുവെ നോക്കുകയാണെങ്കിൽ, ഈ തെക്കീബസാർ ഫ്ളൈഓവറിനു ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന തൊഴിലിന്റെയും, വരുമാനത്തിന്റെയും ആഘാതം പരിഹരിക്കുന്നതിന് പുനരധിവാസം അടക്കമുള്ള പാക്കേജുകൾ ഏറെ ഗൗരവമായി പരിഗണിക്കപ്പെടേണ്ടതുണ്ട്.

പൊതു ഇടങ്ങളുടെ ആഘാതം അത്രത്തോളം ഗൗരവമുള്ളതല്ല. പരിസ്ഥിതിക്കും ആഘാതമുണ്ടാകുന്നില്ല. ആയതിനാൽ ദീർഘകാല നേട്ടവും പുരോഗതിയും ലക്ഷ്യമിടുന്ന പദ്ധതി ആയതിനാൽ, ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ടു പോകാവുന്നതാണ്.

for [signature]

27.01.2021

ചെയർമാൻ
സാമൂഹ്യാഘാത പഠനയൂണിറ്റ്
(കയ്റോസ്, കണ്ണൂർ )

Kannur Association for Integrated Rural Organisation & Support *
KAIROS
KANNUR-13